www.societytodaynews.com

2024 OCTOBER
10
THURSDAY

# സൊസൈറ്റി ടുഡേ

SOCIETY TODAY e-paper




## ദൗത്യം വിജയിച്ചു; റോക്കറ്റിന്റെ അവശിഷ്ടങ്ങൾ കടലിൽ വീഴ്ത്തി ഐഎസ്ആർഒ

**ന്യൂദൽഹി:** ഏഴ് വർഷം മുൻപ്, 104 ഉപഗ്രഹങ്ങളെ നിർദിഷ്ട ഭ്രമണപഥങ്ങളിൽ എത്തിച്ചശേഷം ബഹിരാകാശത്ത് ചുറ്റുകയായിരുന്ന പിഎസ്എൽവി സി 37 റോക്കറ്റിന്റെ അവശിഷ്ടം ഐഎസ്ആർഒ സുരക്ഷിതമായി കടലിൽ വീഴ്ത്തി. ദൗത്യം ഐഎസ്ആർഒയ്ക്കും രാജ്യത്തിനും അഭിമാനമായി.

2017 ഫെബ്രുവരി 15ന് കാർട്ടോസാറ്റ് 2 ഡി അടക്കമുള്ള ഉപഗ്രഹങ്ങളുമായി കുതിച്ചുയർന്ന റോക്കറ്റിന്റെ അവസാന ഘട്ടം, ഉപഗ്രഹ വിക്ഷേപണത്തിനു ശേഷം, 470 കിലോമീറ്റർ ഉയരത്തിലുള്ള ഭ്രമണപഥത്തിൽ കറങ്ങുകയായിരുന്നു. ഐഎസ്ആർഒയും യുഎസ് സൈന്യത്തിന്റെ സ്പേസ് കമാൻഡും ഇതിനെ നിരീക്ഷിക്കുന്നുണ്ടായിരുന്നു. ഇത് ക്രമേണ പഥത്തിൽ നിന്ന് താഴ്ത്തി വരികയായിരുന്നു. അവശിഷ്ടം ഒക്ടോബർ ആദ്യ വാരം കടലിൽ പതിക്കുമെന്ന് നേരത്തെ ഐഎസ്ആർഒയുടെ സിസ്റ്റം ഫോർ സേഫ് ആൻഡ് സസ്റ്റയ്നബിൾ സ്പേസ് ഓപ്പറേഷൻസ് മാനേജ്മെന്റ് പറഞ്ഞിരുന്നു.




ഒക്ടോബർ ആറിന് തന്നെ രാത്രി 9.19ന് ഭൂമിയുടെ അന്തരീക്ഷത്തിൽ കടക്കുകയും വടക്കൻ അറ്റ്ലന്റിക് സമുദ്രത്തിൽ പതിക്കുകയും ചെയ്തു. റോക്കറ്റുകൾ, ഉപഗ്രഹങ്ങൾ തുടങ്ങിയവയുടെ അവശിഷ്ടങ്ങൾ കൈകാര്യം ചെയ്യുന്നത് ഏകോപിപ്പിക്കാനുള്ള കോർഡിനേഷൻ കമ്മിറ്റിയുടെ മാർഗനിർദേശങ്ങൾ എല്ലാം ഐഎസ്ആർഒ പാലിച്ചു. അവ 25 വർഷത്തിൽ കൂടുതൽ ബഹിരാകാശത്ത് ചുറ്റരുതെന്നാണ് ചട്ടം.


ഭാരത റോക്കറ്റിന്റെ അവശിഷ്ടം ഏഴു വർഷം മാത്രമേ എടുത്തുള്ളൂ. അവസാന ഘട്ട ഭ്രമണപഥം എൻജിൻ ഓഫാക്കിയും പ്രവർത്തിപ്പിച്ചും സാവധാനമാണ് താഴ്ത്തിയിരുന്നത്. ഉയരത്തിലുള്ള പഥത്തിൽ നിന്ന് താഴെയുള്ള പഥത്തിലേക്ക് താഴ്ത്തുന്ന പ്രവർത്തനത്തെ ഡീ ഓർബിറ്റിങ് എന്നാണ് വിളിക്കുക. ഇങ്ങനെ നിയന്ത്രിത ഡീ ഓർബിറ്റിങ്ങിലൂടെ അവശിഷ്ടത്തെ അന്തരീക്ഷത്തിൽ കടത്തി സുരക്ഷിതമായി സമുദ്രമേഖലയിൽ എത്തിക്കുകയായിരുന്നു.

## ലെബനന് മുന്നറിയിപ്പുമായി നെതന്യാഹു; ഭീകരരെ ഒഴിവാക്കിയില്ലെങ്കിൽ ഗാസയുടെ ഗതി

**ടെൽ അവീവ്:** ഹിസ്ബുള്ള ഭീകരരെ ഒഴിവാക്കണമെന്ന് ലെബനന് മുന്നറിയിപ്പുമായി ഇസ്രയേൽ പ്രധാനമന്ത്രി ബെഞ്ചമിൻ നെതന്യാഹു. ഗാസയുടേയതിന് സമാനമായ അവസ്ഥയാകും ലെബനനും നേരിടേണ്ടി വരിക. ഹിസ്ബുള്ള ഭീകരരുടെ പിടിയിൽ നിന്ന് സ്വന്തം രാജ്യത്തെ മോചിപ്പിക്കാനുള്ള ശ്രമങ്ങൾ നടത്തണമെന്നും ബെഞ്ചമിൻ അഭ്യർത്ഥിച്ചു. ലെബനന്റെ തെക്കൻ മേഖലയിൽ ഇസ്രയേൽ ആക്രമണം ശക്തമാക്കിയ സാഹചര്യത്തിലാണ് ലെബനൻ ജനതയെ അഭിസംബോധന ചെയ്ത് നെതന്യാഹു വീഡിയോ സന്ദേശം പുറത്തുവിട്ടത്. പ്രദേശത്ത് ഇസ്രയേൽ കൂടുതൽ സൈനികരെ വിന്യസിച്ചിട്ടുണ്ട്. ഒഴിഞ്ഞുപോകാൻ സാധാരണക്കാർക്ക് നിർദേശം നല്കിയതിന് ശേഷം മാത്രമാണ് ഓരോ ഇടങ്ങളിലും സൈന്യം ആക്രമണം നടത്തുന്നത്.

ഇറാനും ഹിസ്ബുള്ളയും ചേർന്നാണ് ലെബനനെ കുഴപ്പത്തിലാക്കിയത്. ഒരു വർഷത്തിനിടെ 8000 മിസൈലുകളാണ് ഇസ്രയേലിനെതിരെ ഹിസ്ബുള്ള പ്രയോഗിച്ചത്. ഇതിന് ഒരു അവസാനം കുറിക്കാൻ തന്നെയാണ് ഇസ്രയേലിന്റെ തീരുമാനം. പ്രതിരോധിക്കാൻ അവകാശമുണ്ടെന്നും നെതന്യാഹു പറഞ്ഞു.

## രത്തൻ ടാറ്റ അന്തരിച്ചു



**മുംബൈ:** ടാറ്റാ ഗ്രൂപ്പിൻറെ മുൻ ചെയർമാൻ രത്തൻ ടാറ്റ അന്തരിച്ചു. ഇന്ത്യയിലെ ഏറ്റവും വലിയ വ്യവസായ സാമ്രാജ്യങ്ങളിലൊന്നിൻറെ കാരണവരാണ് എൺപത്തിയാറാം വയസിൽ കാലയവനികയ്ക്കുള്ളിൽ മറഞ്ഞത്.

തിങ്കളാഴ്ച അദ്ദേഹം വൈദ്യ പരിശോധനയ്ക്കായി ആശുപത്രിയിലെത്തിയതു മുതൽ ആരോഗ്യ നിലയെക്കുറിച്ച് പല തരത്തിൽ വാർത്തകൾ പ്രചരിച്ചിരുന്നു. എന്നാൽ, വാർധക്യസഹജമായ പ്രശ്നങ്ങൾ മാത്രമാണുള്ളതെന്നും, സാധാരണ പരിശോധനകൾക്കു മാത്രമായാണ് ആശുപത്രിയിൽ പോയതെന്നും അദ്ദേഹം തന്നെ സമൂഹ മാധ്യമങ്ങളിലൂടെ അറിയിച്ചിരുന്നു. അതിനു പിന്നാലെയാണ് ബുധനാഴ്ച രാത്രി വൈകി മരണ വാർത്ത ടാറ്റാ ഗ്രൂപ്പ് പുറത്തുവിട്ടിരിക്കുന്നത്.

രക്തസമ്മർദം അസാധാരണമായി കുറഞ്ഞതിനെത്തുടർന്നാണ് അദ്ദേഹത്തെ മുംബൈയിലുള്ള ബ്രീച്ച് കാൻഡി ആശുപത്രിയിൽ പ്രവേശിപ്പിച്ചത്. ആരോഗ്യ നില വഷളായതോടെ തീവ്ര പരിചരണ വിഭാഗത്തിലേക്കു മാറ്റി. എന്നാൽ, ജീവൻ രക്ഷിക്കാൻ സാധിച്ചില്ല.

ടാറ്റാ സൺസ് ചെയർമാനായി രത്തൻ ടാറ്റ ചുമതലയേൽക്കുന്നത് 1991ലാണ്. അദ്ദേഹത്തിൻറെ മുതുമുത്തച്ഛൻ ഒരു നൂറ്റാണ്ടിലേറെ മുൻപ് സ്ഥാപിച്ച വ്യവസായ സാമ്രാജ്യത്തിൻറെ ചുക്കാൻ അന്നുമുതൽ 2012ൽ സ്വയം വിരമിക്കുന്നതു വരെ രത്തൻ ടാറ്റയുടെ കൈകളിലായിരുന്നു.

രത്തൻ ടാറ്റയുടെ കാലത്ത്, 1996ലാണ് ടാറ്റാ ടെലിസർവീസസ് ആരംഭിക്കുന്നത്. ടെലികമ്യൂണിക്കേഷൻസ് രംഗത്തേക്കുള്ള ഗ്രൂപ്പിൻറെ ആദ്യത്തെ ചുവടുവയ്പ്പായിരുന്നു ഇത്. 2004ൽ തുടക്കം കുറിച്ച ടാറ്റാ കൺസൾട്ടൻസി സർവീസസ് ഐടി രംഗത്ത് ഗ്രൂപ്പിൻറെ സാന്നിധ്യം കൂടുതൽ സജീവമാക്കി. പല വമ്പൻ വിദേശ കമ്പനികളെയും ഏറ്റെടുത്തുകൊണ്ട്, ഇന്ത്യൻ വ്യവസായ ലോകത്തിൻറെ വളർച്ച പ്രതിഫലിപ്പിക്കാനും അദ്ദേഹത്തിൻറെ കാലഘട്ടത്തിൽ ടാറ്റാ ഗ്രൂപ്പിനു സാധിച്ചു.

## ഭാവിയിൽ പലിശ നിരക്ക് കുറയുമെന്ന സൂചനകളുമായി റിസർവ് ബാങ്കിന്റെ നയ പ്രഖ്യാപനം

**മുംബൈ:** പലിശ നിരക്കുകളിൽ മാറ്റം വരുത്താതെ റിസർവ് ബാങ്ക് ഓഫ് ഇന്ത്യ അവലോകന യോഗം. റിപ്പോ നിരക്ക് ആറര ശതമാനത്തിൽ നിലനിർത്തിയിരിക്കുകയാണ്.

അതേസമയം, പോളിസി നിലപാട് 'ന്യൂട്രൽ' ആക്കുകയാണെന്ന പ്രഖ്യാപനം, ഭാവിയിലെ പലിശ നിരക്ക് ഇളവുകളിലേക്കുള്ള സൂചനയയാണ് വിലയിരുത്തപ്പെടുന്നത്.

ആറംഗ മോണിറ്ററി പോളിസി കമ്മിറ്റിയുടെ (ങജഇ) മൂന്നു ദിവസത്തെ അവലോകന യോഗത്തിനു ശേഷമാണ് ആർബിഐ ഗവർണർ ശക്തികാന്ത ദാസ് വായ്പാ നയം പ്രഖ്യാപിച്ചത്.

തുടരെ പത്താം തവണയും റിപ്പോ നിരക്ക് ആറര ശതമാനത്തിൽ തന്നെ ആർബിഐ നിലനിർത്തുമെന്നാണ് നേരത്തെ തന്നെ കരുതപ്പെട്ടിരുന്നത്. നാണ്യപ്പെരുപ്പം കുറഞ്ഞെങ്കിലും, സമ്പദ് വ്യവസ്ഥയുടെ വളർച്ചയുമായുള്ള സന്തുലനം നിലനിർത്താനാണ് ഇത്തവണ കൂടി റിപ്പോ നിരക്കിൽ കുറവ് വരുത്താതിരുന്നത്.

ധനസ്ഥിതി ഇപ്പോഴത്തെ പ്രവണത തുടരുകയും അപ്രതീക്ഷിത തിരിച്ചടികളൊന്നും ഉണ്ടാവാതിരിക്കുകയും ചെയ്താൽ, ഡിസംബറിലെ അവലോകന യോഗത്തിൽ നിരക്ക് കുറയ്ക്കുമെന്നാണ് കണക്കാക്കുന്നത്. ഇതോടെ വായ്പാ പലിശ നിരക്കുകളിൽ കുറവ് വരും.അതേസമയം, രാജ്യത്തെ ബാങ്കുകളിൽ സ്ഥിര നിക്ഷേപങ്ങൾ കുറയുന്നതിലുള്ള ആശങ്ക ആർബിഐ ഗവർണർ പലവട്ടം വ്യക്തമാക്കിയിട്ടുള്ളതാണ്. അടിസ്ഥാന പലിശ നിരക്ക് കുറയുന്നത് ഫിക്സഡ് ഡെപ്പോസിറ്റുകളുടെ പലിശ കുറയാനും ഇടയാക്കും.



സൊസൈറ്റി ടുഡേ
SOCIETY TODAY

# ആർക്കിടെക്ചർ എക്സിബിഷൻ ഇന്ന് സമാപിക്കും; പൊതുജനങ്ങൾക്ക് പ്രവേശനം

**കൊച്ചി :** കൗൺസിൽ ഓഫ് ആർക്കിടെക്ചർ (സിഒഎ) ദക്ഷിണ മേഖല ആർക്കിടെക്ചർ തീസീസ് എക്സിബിഷൻ ഇന്ന് സമാപിക്കും. കേരളത്തിൽ ആദ്യമായി നടക്കുന്ന എക്സിബിഷൻ കഴിഞ്ഞ രണ്ടു ദിവസമായി വൈറ്റില സിൽവർ സാന്റ് ഐലന്റിലെ ഏഷ്യൻ സ്കൂൾ ഓഫ് ആർക്കിടെക്ചർ ആൻഡ് ഡിസൈൻ ഇന്നൊവേഷൻസ് (ആസാദി) ലാണ് നടന്നു വരുന്നത്. നൂറിലധികം കോളജുകളാണ് എക്സിബിഷനിൽ പങ്കെടുക്കുന്നത്. ഇന്ന് രാവിലെ ഒമ്പതു മുതൽ വൈകുന്നേരം ആറുവരെ സ്കൂൾ വിദ്യാർഥികൾക്കും പൊതുജനങ്ങൾക്കും എക്സിബിഷൻ കാണാൻ അവസരം ഉണ്ട്. വൈകുന്നേരം ആറിന് നടക്കുന്ന സമാപന സമ്മേളനത്തിൽ എക്സിബിഷനിൽ 'എക്സലൻസ് ഇൻ ആർക്കിടെക്ചറൽ തീസീസ്, മികച്ച ആർക്കിടെക്ചറൽ വിദ്യാർഥി, ഡോക്യുമെന്റേഷൻ ഓഫ് ആർക്കിടെക്ചറൽ ഹെറിറ്റേജ് എന്നീ വിഭാഗങ്ങളിൽ ജേതാക്കളാകുന്നവർക്ക് പുരസ്കാരങ്ങൾ സമ്മാനിക്കും. വിദഗ്ദരായ ആർക്കിടെക്റ്റുകൾ അടങ്ങുന്ന ജൂറിയാണ് അവാർഡ് ജേതാക്കളെ തിരഞ്ഞെടുക്കുന്നത്.

സമാപന സമ്മേളനത്തിൽ ആസാദി ചെയർമാൻ ആർക്കിടെക്റ്റ് പ്രൊഫ.ബി. ആർ അജിത് അധ്യക്ഷത വഹിക്കും. സിഒഎ വൈസ് പ്രസിഡന്റ് ആർക്കിടെക്റ്റ് ഗജാനന്ദ് റാം, സിഒഎ-ടിആർസി ഡയറക്ടർ ആർക്കിടെക്റ്റ് ജയശ്രീ ദേശ്പാണ്ഡെ തുടങ്ങിയവർ മുഖ്യാതിഥികളായിരിക്കും.



# 53ാമത് കെവിഎസ് നാഷനൽ സ്പോർട്സ് മീറ്റ് 2024 അത്‌ലറ്റിക്സ് സമാപിച്ചു

**തിരുവനന്തപുരം:** 5 ദിവസം നീണ്ടുനിന്ന 53ാമത് കേന്ദ്രീയ വിദ്യാലയ ആൺകുട്ടികളുടെ ദേശീയ കായികമേള (കെവിഎസ് നാഷനൽ സ്പോർട്സ് മീറ്റ് 2024 അത്‌ലറ്റിക്സ് ആൺകുട്ടികൾ) ബുധനാഴ്ച കാര്യവട്ടം ലക്ഷ്മി ബായി നാഷനൽ കോളജ് ഓഫ് ഫിസിക്കൽ എഡ്യൂക്കേഷനിൽ (എൽഎൻസിപിഇ) സമാപിച്ചു. ആകെ 70 പോയിന്റ് നേടിയ ചെന്നൈ റീജിയൻ മീറ്റിലെ ഓവറോൾ ജേതാക്കളായി. ആഗ്ര റീജിയൻ 28 പോയിന്റുമായി ഫസ്റ്റ് റണ്ണറപ്പും 27 പോയിന്റുമായി ഭുവനേശ്വർ മേഖല മൂന്നാം സ്ഥാനവും കരസ്ഥമാക്കി. മുഖ്യാതിഥി, എറണാകുളം കെവിഎസ് ആർഒ അസിസ്റ്റന്റ് കമ്മിഷണർ സോമ ഘോഷ് വിജയികളെ അനുമോദിച്ചു.

കെവിഎസ് ആർഒ എറണാകുളം സ്പോർട്സ് സെൽ ഇൻ ചാർജ് ബിനു അശോകൻ ചാംപ്യന്മാരെ പ്രഖ്യാപിച്ചു. പിഎം ശ്രീ കെവി സിആർപിഎഫ് പള്ളിപ്പുറം പ്രിൻസിപ്പൽ സി.രാജി സ്വാഗത പ്രസംഗം നടത്തി. ചെന്നൈ റീജിയണിലെ വി.ഹരിഹരൻ, ഡെറാഡൂൺ മേഖലയിൽ നിന്നുള്ള റിയാൻ ചൗധരി, കെവിഎസ് ആസ്ഥാനത്തെ സാങ്കേതിക കോർഡിനേറ്റർ സന്ധ്യ ശർമ, കെവിഎസ് ആസ്ഥാനത്തെ നിരീക്ഷകൻ ഭീമേശ്വര കുമാർ എന്നിവർ സംസാരിച്ചു. ഗിരി ശങ്കരൻ തമ്പി (പ്രിൻസിപ്പൽ, പിഎം ശ്രീ കെവി പട്ടം) നന്ദി രേഖപ്പെടുത്തി.

ജി.കുമാരമോഹൻ (പ്രിൻസിപ്പൽ, പിഎം ശ്രീ കെവി എഎഫ്എസ് ആക്കുളം), കെ.രാകേഷ് (പ്രിൻസിപ്പൽ പിഎം ശ്രീ കെവി പാങ്ങോട്), സി.രാജി (പ്രിൻസിപ്പൽ, പിഎം ശ്രീ കെവി സിആർപിഎഫ് പള്ളിപ്പുറം), ജോസ് മാത്യു (പിഎം ശ്രീ കെവി എസ്എപി പേരൂർക്കട), എബ്രഹാം മാത്യു (വൈസ് പ്രിൻസിപ്പൽ, കെ വിപോർട്ട് ട്രസ്റ്റ്), ഡി.ശാന്ത (വൈസ് പ്രിൻസിപ്പൽ, പിഎം ശ്രീ കെവി പട്ടം ഷിഫ്റ്റ് കക), കേരള അത്‌ലറ്റിക് അസോസിയേഷൻ സെക്രട്ടറി രാമചന്ദ്രൻ, വെണ്ണിക്കുളം ഗവ. പോളിടെക്നിക് ഫിസിക്കൽ എജ്യുക്കേഷൻ ഡയറക്ടർ ഡോ. രാജേഷ്, എസ്.ഷൈല (എച്ച്എം, പിഎം ശ്രീ കെവി പട്ടം ഷിഫ്റ്റ്ഐ) എന്നിവർ പങ്കെടുത്തു.

# സൗജന്യ പരിശോധനയും ഹോം പ്രോഗ്രാം ഓറിയന്റേഷനും ഒരുക്കി പ്രയത്ന

**കൊച്ചി:** മൾട്ടി ഡിസിപ്ലിനറി കേന്ദ്രമായ പ്രയത്ന, ഒക്യുപേഷണൽ തെറാപ്പി മാസം ആഘോഷിക്കുന്നതിന്റെ ഭാഗമായി നിർധനരായ രക്ഷിതാക്കൾക്കും കുട്ടികൾക്കും സൗജന്യ പരിശോധനയും ഹോം പ്രോഗ്രാം ഓറിയന്റേഷനും നൽകുന്നു. നേരത്തെയുള്ള ഒക്യുപേഷണൽ തെറാപ്പി (ഛഠ) മൂല്യനിർണ്ണയത്തിന്റെ പ്രാധാന്യം ഊന്നിപ്പറയുകയും കുട്ടിയുടെ വികസനത്തെ പിന്തുണയ്ക്കുന്നതിന് വീട്ടിൽ ഉപയോഗിക്കാവുന്ന സാങ്കേതിക വിദ്യകൾ പകർന്നു നൽകി മാതാപിതാക്കളെ സജ്ജമാക്കുകയും ചെയ്യുകയാണ് ലക്ഷ്യം.വികസനപരവും പഠനപരവുമായ ബുദ്ധിമുട്ടുകൾ നേരിടുന്ന വ്യക്തികളുടെ ശാരീരികവും വൈജ്ഞാനികവും പഞ്ചേന്ദ്രിയ സംബന്ധ കഴിവുകളും വർദ്ധിപ്പിക്കുന്നതിൽ ഒക്യുപേഷണൽ തെറാപ്പി പ്രധാന പങ്ക് വഹിക്കുന്നു.സൗജന്യ പരിശോധനയിൽ പങ്കെടുക്കാൻ മുൻകൂട്ടി രജിസ്ട്രേഷൻ ചെയ്യേണ്ടതാണ്. ബന്ധപ്പെടേണ്ട നമ്പർ: 90745 56598 .



# പുസ്തകം പ്രകാശനം ചെയ്തു

**കൊച്ചി:** അമൃത ആശുപത്രിയിലെ റെസ്പിറേറ്ററി മെഡിസിൻ വിഭാഗം മേധാവി ഡോ. അസ്മിത മേത്തയും ഡോ. സുബിൻ അഹമ്മദും ചേർന്ന് രചിച്ച 'ഇന്റർസ്റ്റീഷ്യൽ ലങ് ഡിസീസ് (ഐഎൽഡി) അൺടാംഗ്ലിംഗ് ദി കോംപ്ലക്സിറ്റീസ്' എന്ന പുസ്തകം ജസ്റ്റിസ് ദേവൻ രാമചന്ദ്രൻ പ്രകാശനം ചെയ്തു.എറണാകുളം ഐ. എം. എ ഹൌസിൽ വച്ചാണ് പുസ്തക പ്രകാശനം നടന്നത് .ശ്വാസകോശ ഫൈബ്രോസിസ്, ശ്വസന ബുദ്ധിമുട്ടുകൾ , തുടങ്ങി അനവധി വൈകല്യങ്ങൾക്കുള്ള ഡയഗ്നോസ്റ്റിക് ടെക്നിക്കുകളും ചികിത്സാ ഓപ്ഷനുകളെക്കുറിച്ചും സംവദിക്കുന്ന ഈ പുസ്തകം ഐഎൽഡിയുടെ രോഗനിർണയത്തിലും മാനേജ്മെന്റിലും ശ്രദ്ധ കേന്ദ്രീകരിക്കുന്നു. റേഡിയോളജി, പാത്തോളജി, പൾമണോളജി, അനുബന്ധ മേഖലകളിലെ പ്രമുഖ വിദഗ്ധരുടെ ഉൾക്കാഴ്ചകൾ ഉൾക്കൊള്ളുന്ന ഒരു മൾട്ടിഡിസിപ്ലിനറി സമീപനം ഈ പുസ്തകത്തിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

# സംസ്കൃത ദിനാഘോഷങ്ങൾ 10,14 തിയ്യതികളിൽ

**കൊച്ചി:**ശ്രീശങ്കരാചാര്യ സംസ്കൃത സർവ്വകലാശാലയിലെ സംസ്കൃത ദിനാഘോഷങ്ങൾ ഒക്ടോബർ 10, 14 തീയതികളിൽ കാലടി മുഖ്യക്യാമ്പസിലുള്ള മീഡിയ സെന്ററിൽ നടക്കുമെന്ന് സർവ്വകലാശാല അറിയിച്ചു. രാവിലെ 10.30ന് നടക്കുന്ന സമ്മേളനത്തിൽ വൈസ് ചാൻസലർ പ്രൊഫ. കെ. കെ. ഗീതാകുമാരി അധ്യക്ഷയായിരിക്കും. തിരുപ്പതി ശ്രീ വെങ്കടേശ്വര വേദിക് സർവ്വകലാശാല മുൻ വൈസ് ചാൻസലർ പ്രൊഫ. സന്നിധാനം സുദർശന ശർമ്മ സംസ്കൃത ദിനാഘോഷങ്ങൾ ഉദ്ഘാടനം ചെയ്യും. രജിസ്ട്രാർ ഡോ. സുനിത ഗോപാലകൃഷ്ണൻ, സിൻഡിക്കേറ്റ് അംഗം ഡോ. ടി. മിനി, പ്രൊഫ. കെ. വി. അജിത്കുമാർ, പ്രൊഫ. എസ്. ഷീബ, ഡോ. കെ. സി. രേണുക എന്നിവർ പ്രസംഗിക്കും. വൈസ് ചാൻസലർ പ്രൊഫ. കെ. കെ. ഗീതാകുമാരി, ഡോ. കെ. വി. വാസുദേവൻ (സംസ്കൃതം), ഡോ. എ. കെ. സഭാപതി (കഥകളി), ഡോ. ഡി. രാമനാഥൻ (ആയുർവേദ) എന്നിവരെ ആദരിക്കും. പ്രൊഫസർ ഇൻ ചാർജ്ജ് ഓഫ് എക്സാമിനേഷൻസ് പ്രൊഫ. വി. ലിസി മാത്യു സമ്മാനദാനം നിർവ്വഹിക്കും. സമ്മേളനാനന്തരം ഡോ. എ. കെ. സഭാപതിയുടെ കഥകളി ഉണ്ടായിരിക്കും. ഒക്ടോബർ 14ന് വാക്യാർത്ഥസദസ് നടക്കും.

# അരൂർതുറവൂർ ദേശീയപാതയിൽ ഗതാഗത തടസം രൂക്ഷം

**തുറവൂർ:** അരൂർ തുറവൂർ ദേശീയപാതയിൽ ഗതാഗത തടസം രൂക്ഷം. അപ്രതീക്ഷിതമായി ഉയരപാത നിർമാണ കമ്പനി അറ്റകുറ്റപ്പണികൾക്കായി ദേശീയപാത അടച്ചതോടു കൂടിയാണ് ഗതാഗത തടസം രൂക്ഷമായത്.

ഇന്നലെ ഉച്ചകഴിഞ്ഞാരംഭിച്ച ഗതാഗതതടസം ഏറെ വൈകിയും തുടരുകയാണ്. നിലവിൽ എറണാകുളത്തുനിന്നുവരുന്ന വാഹനങ്ങളും ആലപ്പുഴ ഭാഗത്തുനിന്ന് വരുന്ന വാഹനങ്ങളും മണിക്കൂറുകളായി വഴിയിൽ കുടുങ്ങി കിടക്കുന്നത്.

മണിക്കൂറുകൾ അടുത്താണ് വാഹനങ്ങൾഒരു പോയിൻറ് പിന്നിടുന്നത്. ദേശീയപാതയോടൊ



പ്പം അരൂക്കുറ്റി റോഡും കുമ്പളങ്ങി റോഡും ഗതാഗത തടസം നേരിടുകയാണ്. രാത്രി വൈകിയും എറണാകുളത്തു നിന്നും മറ്റും ജോലി കഴിഞ്ഞു വരുന്ന നൂറു കണക്കിനു യാത്രക്കാരാണ് ഏറെ കഷ്ടത അനുഭവിക്കുന്നത്. യാതൊരു വിധ തയാറെടുപ്പുകളും എടുക്കാതേയും ഒരു മുന്നറിയിപ്പുമില്ലാതെയുമാണ് ഉയരപ്പാത നിർമാണകമ്പനി അറ്റകുറ്റപ്പണികൾക്കായി റോഡ് അടച്ചത്. പോലീസിനോ ജില്ലാ ഭരണകൂടത്തിനു അറിയിക്കാതെയാണ് ഇത്തരത്തിലുള്ള നടപടിയെന്നും തുടർച്ചയായി ജനങ്ങളെ ബന്ദിയാക്കി കൊണ്ടുള്ള ഉയരപ്പാത നിർമ്മാണ കമ്പനിയുടെ ഇത്തരം പ്രവർത്തനങ്ങൾക്കെതിരെ ജനരോഷം ശക്തമാവുകയാണ്.

## ഡിടിപിസി കണ്ടൻറ് റൈറ്റർമാരെ തേടുന്നു

**കണ്ണൂർ:** ഡി.റ്റി.പി.സിയുടെ കണ്ടൻറ് റൈറ്റർ, ഡിസൈനേഴ്സ് എന്നീ സേവനങ്ങൾ നൽകുന്നതിന് ക്വട്ടേഷൻ ക്ഷണിച്ചു. കണ്ടന്റ് റൈറ്റർ കാറ്റഗറി ഒന്ന്: സമാന മേഖലയിൽ ഒരു വർഷത്തിൽ കുറയാത്ത പരിചയം. ടൂറിസവുമായി ബന്ധപ്പെട്ട കണ്ടന്റുകൾ എഴുതി പരിചയം വേണം. താൽപര്യമുള്ളവർ ജില്ലയിലെ ഏതെങ്കിലും ടൂറിസം കേന്ദ്രത്തെ കുറിച്ചോ കണ്ണൂരിന്റെ തനത് കലകളെ കുറിച്ചോ ഭക്ഷണ രീതി അടക്കമുള്ള സവിശേഷതകളെകുറിച്ചോ 50 വാക്കിൽ കവിയാതെ തയ്യാറാക്കിയ കണ്ടന്റ്റ് സഹിതം ഡിറ്റിപിസി ഓഫീസിൽ അപേക്ഷ സമർപ്പിക്കണം. ഇംഗ്ലീഷ്, മലയാളം എന്നിവക്ക് വ്യത്യസ്ത തുകയാണ് ആവശ്യമെങ്കിൽ ഓരോന്നിനും ഓരോ വാക്കിനും ആവശ്യമായ തുക കാണിക്കണം.

കണ്ടന്റ് റൈറ്റർ കാറ്റഗറി രണ്ട്; തെയ്യത്തെ കുറിച്ചുള്ള വിവരണം എഴുതാൻ കഴിയുന്ന സമാന മേഖലയിൽ അഞ്ചു വർഷത്തിൽ കുറയാത്ത പരിചയം ഉള്ളവർക്ക് അപേക്ഷിക്കാം. താൽപര്യമുള്ളവർ മുൻപരിചയം തെളിയിക്കന്ന രേഖകളും അഞ്ചിൽ കുറയാത്ത തെയ്യങ്ങളുടെ സവിശേഷതകളെ കുറിച്ച് തയ്യാറാക്കിയ കണ്ടന്റും സഹിതം ഡിറ്റിപിസി ഓഫീസിൽ അപേക്ഷ സമർപ്പിക്കണം.

ഇംഗ്ലീഷ്, മലയാളം എന്നിവക്ക് വ്യത്യസ്ത തുകയാണ് ആവശ്യമെങ്കിൽ ഓരോന്നിനും ഓരോ വാക്കിനും ആവശ്യമായ തുക കാണിക്കണം.

ഡിസൈനേഴ്സ്: ടൂറിസവുമായി ബന്ധപ്പെട്ട ബ്രോഷറുകൾ, ലീഫ്ലെറ്റ് തുടങ്ങിയവ ചെയ്യാൻ താൽപര്യമുള്ളവർ അപേക്ഷിക്കാം. സമാന മേഖലയിൽ രണ്ട് വർഷത്തിൽ കുറയാത്ത പരിചയം ഉണ്ടായിരിക്കണം.

താൽപര്യമുള്ളവർ മുൻപ് ചെയ്ത വർക്കുകൾ ഒരു കവറിലും ഓരോ വർക്കിനും ആവശ്യമായ തുക കാണിച്ചുള്ള ക്വാട്ട് മറ്റൊരു കവറിലുമാക്കി നൽകണം.

അപേക്ഷകൾ ഒക്ടോബർ 21 രാവിലെ 11 ന് മുൻപായി ഡിടിപിസി ഓഫീസിൽ നൽകണം. കൂടുതൽ വിവരങ്ങൾക്ക് ഓഫീസുമായി ബന്ധപ്പെടാം. ഫോൺ: 8590855255.

## വിദ്യാഭ്യാസ ആനുകൂല്യം: ഓൺലൈൻ അപേക്ഷ ക്ഷണിച്ചു

**കണ്ണൂർ:** കേരള തൊഴിലാളി ക്ഷേമനിധി ബോർഡിലെ വരിക്കാരായ തൊഴിലാളികളുടെ മക്കൾക്ക് വിദ്യാഭ്യാസ ആനുകൂല്യത്തിന് ഓൺലൈനായി അപേക്ഷ ക്ഷണിച്ചു.

202425 അധ്യയന വർഷത്തിൽ എട്ട്, ഒമ്പത്, പത്ത്, പ്ലസ് വൺ ക്ലാസുകൾ മുതൽ ബിരുദ ബിരുദാനന്തര കോഴ്സുകൾ, പ്രൊഫഷണൽ കോഴ്സുകൾ, ഡിപ്ലോമ കോഴ്സുകൾ, കോച്ചിങ്ങ് ഉൾപ്പെടെ പഠിക്കുന്നവർക്ക് അപേക്ഷിക്കാം. മുൻ അധ്യയന വർഷങ്ങളിൽ ആനുകൂല്യം ലഭിച്ചവർ ആനുകൂല്യം പുതുക്കുന്നതിന് അപേക്ഷ ഓൺലൈനായി സമർപ്പിക്കണം.

അപേക്ഷകൻ ജോലി ചെയ്യുന്ന സ്ഥാപന ഉടമയുടെ സാക്ഷ്യപത്രം എന്നിവയുടെ മാതൃക വെബ് സൈറ്റിൽ നിന്നും ഡൗൺ ലോഡ് ചെയ്ത് സാക്ഷ്യപ്പെടുത്തിയ ശേഷം അപേക്ഷ സമർപ്പിക്കണം. www.labourwelfarefund.in വെബ്സൈറ്റ് മുഖേന നവംബർ 25നകം അപേക്ഷ സമർപ്പിക്കണം.

# മുൻഗണനാ റേഷൻ കാർഡുകാർക്കുള്ള മസ്റ്ററിംഗ് ഒക്ടോബർ 25 വരെ നീട്ടി

**തിരുവനന്തപുരം:** സംസ്ഥാനത്തെ മുൻഗണനാ പട്ടികയിൽ ഉൾപ്പെട്ടിട്ടുള്ള റേഷൻ കാർഡ് അംഗങ്ങളുടെ മസ്റ്ററിംഗ് നടപടികൾ ഒക്ടോബർ 25 വരെ ദീർഘിപ്പിച്ച് നൽകുന്നതായി ഭക്ഷ്യ പൊതുവിതരണ വകുപ്പ് മന്ത്രി ജി.ആർ.അനിൽ നിയമസഭയിൽ അറിയിച്ചു. മുൻഗണനാകാർഡുകളായ മഞ്ഞ, പിങ്ക് കാർഡംഗങ്ങൾക്ക് മസ്റ്ററിംഗ് നടത്താനായി സർക്കാർ നിശ്ചയിച്ചിട്ടുള്ള സമയപരിധി അവസാനിച്ച സാഹചര്യത്തിൽ ധാരാളം ആളുകൾ മസ്റ്ററിംഗ് പൂർത്തിയാക്കാനുള്ളതിനാൽ സമയപരിധി ദീർഘിപ്പിച്ച് നൽകണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് ഇ.കെ. വിജയൻ എം.എൽ.എ നൽകിയ ശ്രദ്ധക്ഷണിക്കൽ നോട്ടീസിന് മറുപടി പറയുകയായിരുന്നു മന്ത്രി.

ഇശ്രം പോർട്ടൽ പ്രകാരമുള്ളവർക്ക് റേഷൻകാർഡ് അനുവദിച്ച് ആനുകൂല്യങ്ങൾ ഉറപ്പാക്കുന്നതുമായി ബന്ധപ്പെട്ട് സുപ്രീം കോടതിയുടെ കേസിന്റെ അടിസ്ഥാനത്തിൽ കേന്ദ്ര നിർദ്ദേശാനുസരണമാണ് സംസ്ഥാനത്തെ മുൻഗണനാ വിഭാഗത്തിൽപ്പെട്ട എ.എ.വൈ (മഞ്ഞ), പി.എച്ച്.എച്ച് (പിങ്ക്) ഗുണഭോക്താക്കളുടെ മസ്റ്ററിങ് ആരംഭിച്ചത്. ഒക്ടോബർ 8ാം തീയതി വരെ 79.79% മുൻഗണനാ ഗുണഭോക്താക്കളുടെ അപ്ഡേഷൻ മാത്രമാണ് പൂർത്തിയായിട്ടുള്ളത്. മുൻഗണാകാർഡിലെ 20 ശതമാനത്തോളം അംഗങ്ങൾക്ക് വിവിധ കാരണങ്ങളാൽ മസ്റ്ററിങ്ങിൽ പങ്കെടുക്കാൻ കഴിഞ്ഞിട്ടില്ല. മുൻഗണനാകാർഡിൽ ഉൾപ്പെട്ടിട്ടുള്ള മുഴുവൻ പേർക്കും മസ്റ്ററിങ്ങിൽ പങ്കെടുക്കുവാനുള്ള അവസരം ഒരുക്കുവാനാണ് സർക്കാർ ഉദ്ദേശിക്കുന്നത്. മുൻഗണനാവിഭാഗത്തിൽ ഉൾപ്പെട്ടിട്ടുള്ള മുഴുവൻ അംഗങ്ങൾക്കും വിജയകരമായി മസ്റ്ററിംഗ് പൂർത്തിയാക്കുന്നതിനുള്ള ക്രമീകരണങ്ങൾ സർക്കാർ ഏർപ്പെടുത്തിയിട്ടുണ്ട്.

മസ്റ്ററിങ്ങിനായി റേഷൻ കടകളിലെത്താൻ കഴിയാത്ത കിടപ്പ് രോഗികൾ, ഇപോസിൽ വിരലടയാളം പതിയാത്തവർ, പത്ത് വയസ്സിൽ താഴെയുള്ള കുട്ടികൾ എന്നിവരെ മസ്റ്ററിങ്ങിനായി മസ്റ്ററിങ്ങിന്റെ ആദ്യഘട്ടത്തിൽ നിന്ന് ഒഴിവാക്കിയിരുന്നു. റേഷൻ വ്യാപാരികളുടെ സഹായത്തോടെ വീടുകളിൽ നേരിട്ടെത്തി ഐറിസ് സ്കാനർ ഉപയോഗിച്ച് അപ്ഡേഷൻ നടത്തുന്നതിനാവശ്യമായ നിർദ്ദേശം പൊതുവിതരണ ഉപഭോക്തൃകാര്യ കമ്മീഷണർക്ക് നൽകിയിട്ടുണ്ട്.

ഇലക്ട്രോണിക് നോ യുവർ കസ്റ്റമർ അപ്ഡേറ്റ് ചെയ്തിട്ടുള്ളതും വിതരണം സംബന്ധിച്ച പോർട്ടലിൽ നിരസിച്ചിട്ടുള്ളതുമായ ഗുണഭോക്താക്കളുമായി ബന്ധപ്പെട്ട് റേഷൻ കാർഡ് മാനേജ്മെന്റ് സിസ്റ്റത്തിൽ ആവശ്യമായ തിരുത്തലുകൾ വരുത്തിയ ശേഷം അത്തരക്കാരുടെ അപ്ഡേഷൻ പൂർത്തികരിക്കാനുള്ള നടപടി സ്വീകരിക്കുവാനാണ് ഉദ്ദേശിക്കുന്നത്.

ആധാർ നമ്പർ പരസ്പരം മാറിപ്പോയതും എന്നാൽ അപ്രൂവ് ചെയ്തതുമായ കേസുകൾ പരിഹരിക്കുവാനാവശ്യമായ നടപടികളും സ്വീകരിച്ചു വരുന്നു. പഠനാവശ്യം മറ്റ് സംസ്ഥാനങ്ങളിൽ താമസിക്കുന്നവർക്ക് അതാത് സംസ്ഥാനങ്ങളിലെ പൊതുവിതരണ കേന്ദ്രങ്ങളിൽ മസ്റ്ററിങ് നടത്താൻ കഴിയുമെന്നാണ് കേന്ദ്രസർക്കാർ അറിയിച്ചിട്ടുള്ളത്. ഇതിന് കഴിയാത്തവർക്ക് നിശ്ചിത സമയപരിധിക്കുള്ളിൽ നാട്ടിലെത്തി മസ്റ്ററിങ് പൂർത്തിയാക്കാവുന്നതാണ്. ഇതിനായി പരമാവധി സമയം അനുവദിക്കും.

തൊഴിൽ ആവശ്യാർത്ഥം വിദേശത്ത് താമസിക്കുന്നവർക്ക് എൻആർകെ സ്റ്റാറ്റസ് നൽകി കാർഡിൽ നിലനിർത്താനാണ് ഉദ്ദേശിക്കുന്നത്. അവർക്ക് അടിയന്തിരമായി മസ്റ്ററിങ് ചെയ്യാനായി സംസ്ഥാനത്ത് എത്തേണ്ടതില്ല. മുൻഗണനാപട്ടികയിലുള്ള മുഴുവൻ അംഗങ്ങളുടെയും മസ്റ്ററിംഗ് നടപടികൾ പൂർത്തിയാക്കുന്നതിന് രണ്ടുമാസത്തെ സമയം ദീർഘിപ്പിച്ചു നൽകണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് കേന്ദ്രസർക്കാരിന് കത്ത് നൽകും. മുൻഗണനാ കാർഡ് അംഗങ്ങളുടെ മസ്റ്ററിംഗ് പൂർത്തിയാകുമ്പോൾ ഉണ്ടാകുന്ന ഒഴിവിലേയ്ക്ക് അർഹരായവരെ പരിഗണിക്കുമെന്ന് മന്ത്രി അറിയിച്ചു.

# കുസാറ്റ്: ഒരാഴ്ചത്തെ ദേശീയ ഫാക്കൽറ്റി ഡവലപ്പ്മെൻറ് പ്രോഗ്രാം

**കൊച്ചി:** കൊച്ചി ശാസ്ത്ര സാങ്കേതിക സർവകലാശാലയിലെ ഡിഡിയു കൌശൽ കേന്ദ്രയും കേരള സംസ്ഥാന ഉന്നത വിദ്യാഭ്യാസ കൌൺസിലുമായി സഹകരിച്ച് നവംബർ 4 മുതൽ 9 വരെ ഇൻഡസ്ട്രി കൺസൾട്ടിംഗ് പ്രോജക്ടുകൾക്കായി ഒരാഴ്ചത്തെ ദേശീയ ഫാക്കൽറ്റി ഡവലപ്പമെൻറ് പ്രോഗ്രാം സംഘടിപ്പിക്കുന്നു. കുസാറ്റ് സെമിനാർ കോംപ്ലക്സിൽ വച്ച് നടക്കുന്ന ചടങ്ങിൽ വൈസ് ചാൻസലർ പ്രൊഫ. ഡി. ആർ. ജുനൈദ് ബുഷിരി ഉദ്ഘാടനവും ഇ.വൈ ബെംഗളൂരുവിലെ പാർട്ണർ രാജേഷ് നായർ മുഖ്യപ്രഭാഷണവും നിർവഹിക്കും.

ഉന്നത വിദ്യാഭ്യാസ മേഖലയിലെ ഫാക്കൽറ്റി അംഗങ്ങൾ, വ്യവസായ പ്രൊഫഷണലുകൾ, എൻജിഒ എക്സിക്യൂട്ടീവുകൾ, ഗവേഷണ വിദ്യാർത്ഥികൾ എന്നിവരെ വ്യവസായവുമായി ബന്ധപ്പെട്ട പ്രശ്നങ്ങൾക്കും സാമൂഹിക പ്രശ്നങ്ങൾക്കും പരിഹാരം നൽകുന്നതിന്റെ ഭാഗമായി കൺസൾട്ടിംഗ് പ്രോജക്ടുകളുമായി ഇടപഴകുന്നതിന് പ്രാപ്തരാക്കുക ഈ പ്രോഗ്രാം ലക്ഷ്യമിടുന്നത്. കൺസൾട്ടിംഗ് ജോലിയുടെ നിയമപരവും ധാർമ്മികവുമായ പരിഗണനകളെക്കുറിച്ചും കൺസൾട്ടിംഗ് പ്രോജക്ടുകൾ കൈകാര്യം ചെയ്യുന്നതിനെക്കുറിച്ചുള്ള ഉൾക്കാഴ്ചകളെക്കുറിച്ചും ചർച്ച ചെയ്യും.

കേരള സർവകലാശാല ഡീൻ ഡോ.ഗബ്രിയൽ സൈമൺ തട്ടിൽ, സംരംഭകനും എഴുത്തുകാരനുമായ, എസ്.ആർ നായർ, സ്റ്റാർക്ക് കമ്മ്യൂണിക്കേഷൻസ് വൈസ് ചെയർമാൻ, സഹസ്ഥാപകൻ ബി.ആർ സ്വരൂപ്, രാജഗിരി ബിസിനസ് സ്കൂൾ കൺസൾട്ടിംഗ് ഡയറക്ടർ ഐസക് വർഗീസ്, ആർഎച്ച്ഒ കൺസൾട്ടിംഗ് ലിമിറ്റഡ് മാനേജ്മെന്റ് കൺസൾട്ടന്റ് & ഡയറക്ടർ ഡോ. പി. രവീന്ദ്രനാഥ്, ഫിൻപ്രോവ് ലേണിംഗ് സിഇഒ ആനന്ദ് കുമാർ, ബസ്സ്റ്റോപ്പ് ഇന്റഗ്രേറ്റഡ് കമ്മ്യൂണിക്കേഷൻസ് മാനേജിങ് ഡയറക്ടർ ഡോമിനിക് സാവിയോ, പാഡിൽ ബിസിനസ് കൺസൾട്ടന്റ്സ് എൽഎൽപി സിഇഒ & മാനേജിംഗ് പാർട്ണർ ഡോ. രഞ്ജിത് രാജ്, ടിസിഎസ് ഡെലിവറി പാർട്ണർ & റിലേഷൻഷിപ്പ് ഹെഡ് അരുൺ നാരായൺ, ബി.എം ലോ, അഡ്വക്കേറ്റ്സ് & നോട്ടറീസ് അഡ്വകേറ്റ്, അഡ്വ.നൈനാൻ ജോൺ, ഡിഫോഗ് ഗ്രോത്ത് മാനേജ്മെന്റ് കൺസൾട്ടിംഗ് സി.ഇ.ഒഅജയരാജ് പാലശ്ശേരി, ഫിൻലീഡ് ഇന്റർനാഷണൽ മാനേജ്മെന്റ് പാർട്ണർ കണ്ണൻ സുരേന്ദ്രൻ, കുസാറ്റ് എസ്എംഎസ് അസിസ്റ്റന്റ് പ്രഫസർ ഡോ. നിമിത അബൂബക്കർ, കുസാറ്റ് എസ്എംഎസ് അസിസ്റ്റന്റ് പ്രഫസർ ഡോ. മനു മെൽവിൻ ജോയ് എന്നിവരാണ് റിസോഴ്സ് പേഴ്സണസ്. താൽപ്പര്യമുള്ളവർ ഒക്ടോബർ 31 ന് മുമ്പ് രജിസ്റ്റർ ചെയ്യണം. കൂടുതൽ വിവരങ്ങൾക്ക് fdpconsultancyddukk@gmail.com എന്ന മെയിലിൽ ബന്ധപ്പെടുക.

## പ്രോജക്ട് നഴ്സ് കരാർ നിയമനം

**കൊച്ചി:** ആരോഗ്യ വകുപ്പിന് കീഴിൽ പ്രവർത്തിക്കുന്ന സ്റ്റേറ്റ് ഹെൽത്ത് സിസ്റ്റംസ് റിസോഴ്സ് സെന്റർ കേരളയിൽ നടന്നുകൊണ്ടിരിക്കുന്ന ഐ.സി.എം.ആർ റിസർച്ചിലേയ്ക്ക് പ്രോജക്ട് നഴ്സിനെ കരാർ അടിസ്ഥാനത്തിൽ നിയമിക്കുന്നു. സെക്കൻ്റ് ക്ലാസ്, മൂന്നു വർഷ ജി.എൻ.എം യോഗ്യത ഉള്ളവർക്ക് അപേക്ഷിക്കാം. ബി.എസ്.സി നഴ്സിംഗ്/പബ്ലിക്ക് റിസർച്ച് എന്നിവയിൽ പ്രവൃത്തി പരിചയമുള്ളവർക്ക് മുൻഗണന. ശമ്പളം: 21,800 രൂപ. പ്രായപരിധി 30 വയസ്, ഉദ്യോഗാർത്ഥികൾ ഒക്ടോബർ 15ന് രാവിലെ 10 ന് തൈക്കാട് സ്റ്റേറ്റ് ഹെൽത്ത് സിസ്റ്റംസ് റിസോഴ്സ് സെന്ററിൽ നടക്കുന്ന വാക്ക് ഇൻ ഇന്റർവ്യൂവിന് നേരിട്ട് ഹാജരാകണം. കൂടുതൽ വിവരങ്ങൾക്ക് വെബ്സൈറ്റ് സന്ദർശിക്കുക. www.sshrc.kerala.gov.in.

## സ്കിൽഡ് ലേബർ താത്കാലിക നിയമനം

**കൊച്ചി:** കേരള സർക്കാർ ഫിഷറീസ് വകുപ്പിന് കീഴിൽ പ്രവർത്തിക്കുന്ന ജലകൃഷി വികസന ഏജൻസി, കേരള (അഡാക്ക്) എറണാകുളം സെൻട്രൽ റീജിയനു കീഴിലുള്ള ഇടക്കൊച്ചി ഫാമിലേക്ക് ജനറേറ്റർ, വാട്ടർപമ്പ് എയറേറ്റർ മറ്റ് ഇലക്ട്രിക്ക് ജോലികൾ കൈകാര്യം ചെയ്യുന്നതുൾപ്പടെയുള്ള ജോലികൾ ചെയ്യുന്നതിന് സ്കിൽഡ് ലേബർമാരെ ദിവസവേതനത്തിൽ താത്കാലികമായി നിയമിക്കുന്നു എസ്എസ്എൽസി, ഇലക്ട്രീഷ്യൻ ട്രേഡ് സർട്ടിഫിക്കറ്റ് എന്നിവയാണ് യോഗ്യത 45 വയസിൽ താഴെയുള്ള പുരുഷന്മാർക്ക് അപേക്ഷിക്കാം. താത്പര്യമുള്ളവർ ഒക്ടോബർ 15ന് രാവിലെ 10 മുതൽ ഉച്ചയ്ക്ക് ഒന്നുവരെ അഭിമുഖത്തിനായി ബയോഡാറ്റ, ഒറിജിനൽ സർട്ടിഫിക്കറ്റുകളും അവയുടെ പകർപ്പുകളും സഹിതം അഡാക്ക് സെൻട്രൽ റീജിയൻ തേവര ഓഫീസിൽ ഹാജരാകണം. കൂടുതൽ വിവരങ്ങൾക്ക് ഫോൺ: 0484 2665479.

## ജേർണലിസം ഡിപ്ലോമ

**തിരുവനന്തപുരം:** പൊതുമേഖല സ്ഥാപനമായ കെൽട്രോണിന്റെ കീഴിൽ അഡ്വാൻസ്ഡ് ജേണലിസത്തിൽ ബിരുദാനന്തര ഡിപ്ലോമ കോഴ്സിന്റെ പുതിയ ബാച്ചുകളിലേക്ക് അപേക്ഷകൾ ക്ഷണിച്ചു. ഏതെങ്കിലും വിഷയത്തിൽ ബിരുദം നേടിയവർക്ക് അപേക്ഷിക്കാം. തിരുവനന്തപുരം, കോഴിക്കോട് ജില്ലകളിലെ സെന്ററുകളിൽ ഒക്ടോബർ 14ന് കോഴ്സുകൾ ആരംഭിക്കും. പ്രിന്റ് മീഡിയ, ടെലിവിഷൻ, ഡിജിറ്റൽ മീഡിയ, ആർട്ടിഫിഷ്യൽ ഇന്റലിജൻസ് എന്നിവയിൽ അധിഷ്ഠിതമായ ജേണലിസം, വാർത്താ അവതരണം, വീഡിയോഗ്രാഫി, വീഡിയോ എഡിറ്റിംഗ് തുടങ്ങിയവയിൽ പരിശീലനം ലഭിക്കും. ഇന്റേൺഷിപ്പ്, മാധ്യമസ്ഥാപനങ്ങളിൽ പരിശീലനം, പ്ലേസ്മെന്റ് സപ്പോർട്ട് എന്നിവ ലഭിക്കും. വിശദ വിവരങ്ങൾക്ക് 9544958182.

കോഴിക്കോട് വിലാസം: കെൽട്രോൺ നോളജ് സെന്റർ, മൂന്നാം നില, അംബേദ്കർ ബിൽഡിങ്, റെയിൽവേ സ്റ്റേഷൻ ലിങ്ക് റോഡ് കോഴിക്കോട്. 673002. തിരുവനന്തപുരം വിലാസം: കെൽട്രോൺ നോളജ് സെന്റർ, സെക്കൻഡ് ഫ്ലോർ, ചെമ്പിക്കുളം ബിൽഡിങ്, ബേക്കറി ജങ്ഷൻ, വഴുതക്കാട്. 695014.



# കുസാറ്റിൽ പുസ്തപ്രകാശനം

**കൊച്ചി**: കൊച്ചി ശാസ്ത്ര സാങ്കേതിക സർവകലാശാലാ (കുസാറ്റ്) ശാസ്ത്ര സമൂഹ കേന്ദ്രത്തിലെ (സിസിസ്) അസിസ്റ്റന്റ് പ്രൊഫസർ ഡോ. അബേഷ് രഘുവരന്റെ ശാസ്ത്രലേഖനസമാഹാരം 'പ്രകൃതിയുടെ നെറുകയിലൊരുമ്മ' വൈസ് ചാൻസലർ ഡോ. ജുനൈദ് ബുഷിരി മുൻ വൈസ് ചാൻസലർ ഡോ. പി ജി ശങ്കരന് നൽകി പ്രകാശനം ചെയ്തു. സർവ്വകലാശാലാ സുവർണജൂബിലി പ്രസിദ്ധീകരണങ്ങളുടെ ഭാഗമായി സാഹിത്യപ്രവർത്തക സഹകരണസംഘവും കുസാറ്റ് പൊതുസമ്പർക്കവിഭാഗവും ചേർന്നാണ് പുസ്തകം പ്രസിദ്ധീകരിച്ചത്.

ലളിതമായ ഭാഷയിൽ വിജ്ഞാനപ്രദമായി ലേഖനങ്ങൾ അവതരിപ്പിക്കുക വഴി ശാസ്ത്രപ്രചരണരംഗത്ത് മികച്ച ഒരു സംഭാവനയാണ് ഡോ. അബേഷിന്റെ രചനകൾ എന്ന് പുസ്തകം പരിചയപ്പെടുത്തി സംസാരിച്ച ഗണിതശാസ്ത്ര വിഭാഗം എമറിറ്റസ് പ്രൊഫസർ ഡോ. അമ്പാട്ട് വിജയകുമാർ അഭിപ്രായപ്പെട്ടു. ശാസ്ത്രജ്ഞർക്ക്പ്രാദേശികഭാഷയിൽ ശാസ്ത്രപുസ്തകങ്ങൾ രചിക്കുന്നതിനുള്ള ഒരു പ്രചോദനമാകും ഈ പുസ്തകം എന്ന് വൈസ് ചാൻസലർ ഡോ. ജുനൈദ് ബുഷിരി പറഞ്ഞു.

സർക്കാർ മാതൃഭാഷാ വിദ്യാഭ്യാസം പ്രോത്സാഹിപ്പിക്കുകയും പ്രാദേശികഭാഷയിലെ രചനകൾക്ക് ഗ്രാന്റുകൾ അടക്കമുള്ള പ്രോത്സാഹനം നൽകുന്ന ഇക്കാലത്ത് ഇതിൻറെ സാധ്യതകൾ പരമാവധി ഉപയോഗപ്പെടുത്തി ഒരു പുത്തൻ ചുവടുവയ്പ്പിനു തുടക്കം കുറിയ്ക്കണമെന്ന് പുസ്തകം സ്വീകരിച്ചു സംസാരിച്ച ഡോ. പി.ജി ശങ്കരൻ പറഞ്ഞു.

ഡോ. അരുൺ എ യു, ഡോ. സാം തോമസ്, ഡോ. മനോജ്, ഡോ.സന്തോഷ്കുമാർ, ഡോ പി കെ ബേബി, ഡോ. റജിൽ, ഡോ. രമ്യ രാമചന്ദ്രൻ, ഡോ.സൈദ, ഡോ.ഹരിഗോവിന്ദ് എന്നിവർ ചടങ്ങിൽ പങ്കെടുത്തു.



# റാങ്ക് ജേതാക്കൾക്ക് ആദരം

**മൂവാറ്റുപുഴ:** നിർമല കോളേജ് ഹിന്ദി വിഭാഗത്തിൽ നിന്നും യൂണിവേഴ്സിറ്റി തലത്തിൽ റാങ്ക് കരസ്ഥമാക്കിയ വിദ്യാർഥികളെ അനുമോദിച്ചു. കോളേജിൽ സംഘടിപ്പിച്ച അനുമോദന ചടങ്ങിൽ ഡിഗ്രി, പി ജി തലങ്ങളിൽ ആദ്യ മൂന്ന് റാങ്കുകൾ ഉൾപ്പെടെ കരസ്ഥമാക്കിയ 13 വിദ്യാർഥികളെയാണ് ഉപഹാരം നൽകി ആദരിച്ചത്. കോളേജ് പ്രിൻസിപ്പൽ ഫാ.ഡോ ജസ്റ്റിൻ കെ കുര്യാക്കോസ് അധ്യക്ഷത വഹിച്ച ചടങ്ങിൽ കോളേജ് ബർസാർ ഫാ പോൾ കളത്തൂർ, മുഖ്യാതിഥി റിട്ട. അധ്യാപകൻ ഡോ ജയിംസ് ജോർജ്, ഹിന്ദി വിഭാഗം മേധാവി ജൂലിയ ഇമ്മാനുവൽ, അധ്യാപകരായ അഞ്ജലി ജോസഫ്, ജീനാമേരി ജോസ് എന്നിവർ അനുമോദന യോഗത്തിൽ പ്രസംഗിച്ചു. ഹിന്ദി വാരാഘോഷ സമാപനത്തോടനുബന്ധിച്ചാണ് കോളേജിൽ അനുമോദന യോഗം സംഘടിപ്പിച്ചത്.

# ലിഫ്റ്റ് അദാലത്ത് ഒക്ടോബർ 30വരെ

**കൊച്ചി**: കേരള ലിഫ്റ്റ് ആന്റ് എസ്കലേറ്റർ റൂൾസ് 2013 പ്രകാരം പ്രവർത്തിപ്പിക്കുന്നതിന് ലൈസൻസ് നിർബന്ധമാണ്. ഇലക്ട്രിക്കൽ ഇൻസ്പെക്ടറേറ്റിൽ നിന്നും ലിഫ്റ്റിന് അനുമതിയോ ലൈസൻസോ നേടിയിട്ടുള്ളതും എന്നാൽ അവ പുതുക്കാത്തതുമായ സ്ഥാപനങ്ങൾക്ക് 2024 ആഗസ്റ്റ് ഒന്നു മുതൽ 2024 ഒക്ടോബർ 30 വരെയുള്ള കാലയളവിൽ 3310 രൂപ ഫീസ് അടച്ച് നിർദ്ദിഷ്ട മാതൃകയിൽ അപേക്ഷ നൽകി ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതിയിലൂടെ ലിഫ്റ്റ് ലൈസൻസ് ലഭിക്കുന്നതാണ്. ലിഫ്റ്റ് ഉടമകൾ ഈ സൗകര്യം പ്രയോജനപ്പെടുത്തി ലൈസൻസ് നേടേണ്ടതാണ്. ഇത്തരത്തിലുള്ള അദാലത്ത് ഇനി ഉണ്ടായിരിക്കില്ല. ലിഫ്റ്റ് അദാലത്തിൽ അപേക്ഷ സ്വീകരിക്കുന്ന അവസാന തീയതി ഒക്ടോബർ 30. കൂടുതൽ വിവരങ്ങൾക്ക് ഡെപ്യൂട്ടി ചീഫ് ഇലക്ട്രിക്കൽ ഇൻസ്പെക്ടറുടെ കാര്യാലയം, റവന്യു ടവർ, കേരള സ്റ്റേറ്റ് ഹൗസിംഗ് ബോർഡ്, മറൈൻഡ്രൈവ്, എറണാകുളവുമായി ബന്ധപ്പെടുക. ലിഫ്റ്റ് ഫോൺ :0484 2976309.

# ദൃഷ്ടി പദ്ധതി; കാഴ്ച ദിന പരിപാടികളുടെ വാരാചരണത്തിന് നാളെ സമാപനം

**കൊച്ചി:** ലോകം മുഴുവൻ കാഴ്ചയുടെ പ്രാധാന്യത്തെക്കുറിച്ചുള്ള അവബോധം വർധിപ്പിക്കുന്ന പരിപാടികൾ സംഘടിപ്പിക്കുന്നതിന്റെ ഭാഗമായാണ് ജില്ലാ ആയുർവേദ ആശുപത്രിയിൽ വിവിധ പരിപാടികൾ സംഘടിപ്പിച്ചത്. കണ്ണുകളുടെ സംരക്ഷണവും സമഗ്ര ആരോഗ്യ പരിപാലനവും പ്രോത്സാഹിപ്പിക്കുന്നതിനായി നടത്തുന്ന അവബോധ റാലി നാഷണൽ ആയുഷ് മിഷൻ ജില്ലാ പ്രോഗ്രാം മാനേജർ ഡോ. ജയകൃഷ്ണൻ കെ. വി. പി ഫ് ളാഗ് ഓഫ് ചെയ്യും.

ബോധവത്ക്കരണത്തിന് വേണ്ടിയുള്ള മത്സരങ്ങൾ നടത്തി സമ്മാനങ്ങളും സർട്ടിഫിക്കറ്റും വിതരണം ചെയ്യും. കാഴ്ച നഷ്ടപ്പെട്ടാലുള്ള സാഹചര്യം എങ്ങനെ അനുഭവപ്പെടുമെന്ന് മനസിലാക്കാൻ കഴിയുന്ന വിധമുള്ള മത്സരങ്ങളും സംഘടിപ്പിച്ചു.ആഗോള കാഴ്ച സംരക്ഷണത്തിൻറെ സന്ദേശം എത്തിക്കുന്നതിനായി ഓൺലൈൻ പ്ലാറ്റ്ഫോമിലൂടെ വിർചൽ 5ഗ വാക്ക്/റൺ എന്ന പേരിൽ നടത്തിയ 5 കിലോമീറ്റർ നടക്കൽ/ഓട്ടം പരിപാടിയിൽ വിദ്യാർത്ഥികളുൾപ്പെടെ നിരവധിപേർ പങ്കെടുത്തു.

ജില്ലയിലെ വിവിധ ഭാഗങ്ങളിൽ സംഘടിപ്പിച്ച ക്യാമ്പുകൾ ജനങ്ങൾക്ക് കാഴ്ച പരിശോധിക്കുവാനും വിദഗ്ദ്ധ ചികിത്സാ നിർദ്ദേശം ലഭ്യമാക്കുവാനും പ്രയോജനപ്പെട്ടു. കാഴ്ച സംരക്ഷണത്തിന് പ്രയോജനപ്പെടുന്ന ഭക്ഷണങ്ങളുടെ മത്സരവും നാളെ നടക്കും കുട്ടികളുടെ സൃഷ്ടിപരമായ കഴിവ് പ്രോത്സാഹിപ്പിക്കുന്നതിനായി കണ്ണടകളുടെ ഡിസൈൻ ചെയ്യൽ പ്രോത്സാഹിപ്പിക്കുന്ന മത്സരങ്ങളും നടത്തി. വിവിധ മത്സരങ്ങളുടെ സമ്മാനദാനം നാളെ വിതരണം ചെയ്യും.

ജില്ലാ ആശുപത്രിയിൽ നടത്തുന്ന പരിപാടിയിൽ ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് മനോജ് മൂത്തേടൻ ഉദ്ഘാടനം നിർവ്വഹിക്കും. ജില്ലാ പഞ്ചായത്ത് വൈസ് പ്രസിഡന്റ് എൽസി ജോർജ്ജ്, ആരോഗ്യ വിദ്യാഭ്യാസ സമിതി ചെയർമാൻ എം.ജെ ജോമി എന്നിവർ മുഖ്യാതിഥികളായി പങ്കെടുക്കും.

ചീഫ് മെഡിക്കൽ ഓഫീസർ ഡോ. ഷർമദ് ഖാൻ അദ്ധ്യക്ഷത വഹിക്കുന്ന യോഗത്തിൽ പൊതുമരാമത്ത് സമിതി ചെയർ പേഴ്സൺ ആശാ സനൽ , നാഷണൽ ആയുഷ് മിഷൻ ജില്ലാ പ്രോഗ്രാം മാനേജർ ഡോ. ജയകൃഷ്ണൻ കെ. വി. പി , ആരോഗ്യ വിദ്യാഭ്യാസ സമിതി അംഗങ്ങളായ ശാരദ മോഹൻ,ഷൈമി വർഗ്ഗീസ്, എം. ബി. ഷൈനി,ഷാരോൺ പനയ്ക്കൽ, ഡിവിഷൻ കൗൺസിലർ സുധാ ദിലീപ്, നേത്ര മെഡിക്കൽ ഓഫീസർ ഡോ. ശ്രീവിദ്യാ പി, ദൃഷ്ടി പദ്ധതിയുടെ സ്പെഷ്യലിസ്റ്റ് നേത്ര മെഡിക്കൽ ഓഫീസർ ഡോ. സുമിത പ്രകാശ്. സി,ഹോസ്പിറ്റൽ മാനേജ്മെന്റ് കമ്മിറ്റി അംഗങ്ങൾ എന്നിവരും ആശംസകൾ അർപ്പിച്ച് സംസാരിക്കും

# സംസ്ഥാനത്തെ മുഴുവൻ സർവകലാശാലകളെയും കെറീപ് സോഫ്റ്റ്‌വെയർ ബന്ധിപ്പിക്കും

**തിരുവനന്തപുരം:** കേരളത്തിൽ സർവകലാശാലകളെയും കോളേജുകളെയും ഒരു കുടക്കീഴിൽ കൊണ്ടുവരുന്ന കെറീപ്പ് സോഫ്റ്റ്വെയർ സംവിധാനം മുഴുവൻ സർവകലാശാകളിലും നടപ്പിലാക്കുന്ന പ്രവർത്തനങ്ങളുമായി സർക്കാർ മുന്നോട്ട് പോവുകയാണെന്ന് മന്ത്രി ആർ ബിന്ദു പറഞ്ഞു. തിരുവനന്തപുരം ഐ എം ജിയിൽ സംസ്ഥാന ഉന്നത വിദ്യാഭ്യാസ കൗൺസിലും അസാപ് കേരളയും സംയുക്തമായി നടത്തിയ പരിശീലന പരിപാടിയിൽ പങ്കെടുത്ത് സംസാരിക്കുകയായിരുന്നു മന്ത്രി. നിലവിൽ സർവകലാശാലകളിലെല്ലാം കംപ്യൂട്ടർ സേവനങ്ങളുണ്ടെങ്കിലും ഇവയെല്ലാം പരസ്പ്പര ബന്ധമില്ലാതെയാണ് നടക്കുന്നത്. ഇതെല്ലാം കെറീപ് വഴി ഒരുമിപ്പിക്കാനുള്ള ശ്രമത്തിലാണ് ഉന്നതവിദ്യാഭ്യാസ വകുപ്പ്. ഇതോടെ സർവകലാശാലകൾ, കോളജുകൾ എന്നിവ ഒറ്റ കുടക്കീഴിലേക്ക് മാറും കേരള റിസോഴ്സ് ഫോർ എജ്യുക്കേഷൻ അഡ്മിനിസ്ട്രേഷൻ ആൻഡ് പ്ലാനിങ് (കെ റീപ്പ്) എന്ന പ്ലാറ്റ്ഫോമിനു കീഴിൽ എത്തുന്നതോടെ വിദ്യാർഥി പ്രവേശനം മുതൽ സർട്ടിഫിക്കറ്റ് വിതരണം വരെ ഈ പോർട്ടൽ വഴി നടക്കും. അസാപ് കേരളയുടെ നേതൃത്വത്തിൽ യൂണിവേഴ്സിറ്റി ആൻഡ് കോളജ് മാനേജ്മെന്റ് സിസ്റ്റം എന്ന പേരിൽ ഇതിനായി സോഫ്റ്റ്‌വെയർ വികസിപ്പിച്ചു കഴിഞ്ഞു.

കേരളത്തിൽ സർവകലാശാലകളെയും കോളേജുകളെയും ഒരു കുടക്കീഴിൽ കൊണ്ടുവരുന്ന കെറീപ്പ് സോഫ്റ്റ്‌വെയർ സംവിധാനം കണ്ണൂർ സർവകലാശാല, കാലടി സംസ്കൃത സർവകലാശാല, തിരൂർ മലയാളം സർവകലാശാല എന്നിവിടങ്ങളിൽ നടപ്പിലാക്കി കഴിഞ്ഞു. ഇതിനാവശ്യമായ അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കുന്നതിന് മറ്റ് സർവകലാശാലകളും കോളേജുകളും ശ്രദ്ധിക്കണം. പാഠ്യപദ്ധതി പരിഷ്ക്കരണത്തിലൂടെ വിദ്യാർത്ഥി കേന്ദ്രീകൃതമായ അക്കാദമിക അന്തരീക്ഷം സൃഷ്ടിക്കുമ്പോൾ വിവര സാങ്കേതിക വിദ്യയുടെ എല്ലാ സാധ്യതകളും ഉന്നത വിദ്യാഭ്യാസ രംഗത്ത് ഉപയോഗപ്പെടുത്തുമെന്നും മന്ത്രി പറഞ്ഞു. ഉന്നതവിദ്യാഭ്യാസ കൗൺസിൽ വൈസ് ചെയർമാൻ പ്രൊഫ. രാജൻ ഗുരുക്കൾ, മെമ്പർ സെക്രട്ടറി ഡോ. രാജൻ വറുഗീസ്, റിസർച്ച് ഓഫീസർ ഡോ. സുധീന്ദ്രൻ കെ എന്നിവർ സംബന്ധിച്ചു.

# ആരോഗ്യവകുപ്പിന് കീഴിൽ ആദ്യമായി ജനറൽ ആശുപത്രിയിൽ കോർണിയ ട്രാൻസ്പ്ലാന്റേഷൻ യൂണിറ്റ്

**തിരുവനന്തപുരം**: കണ്ണാശുപത്രിയ്ക്ക് പുറമേ ആരോഗ്യ വകുപ്പിന് കീഴിൽ ആദ്യമായി കോർണിയ ട്രാൻസ്പ്ലാന്റേഷൻ യൂണിറ്റ് യാഥാർഥ്യമാകുന്നതായി ആരോഗ്യ വകുപ്പ് മന്ത്രി വീണാ ജോർജ്. തിരുവനന്തപുരം ജനറൽ ആശുപത്രിയിലാണ് കോർണിയ ട്രാൻസ്പ്ലാന്റേഷൻ യൂണിറ്റ് ആദ്യമായി യാഥാർത്ഥ്യമാകുന്നത്. ഒരു ദാതാവിന്റെ കണ്ണിൽ നിന്ന് ലഭിക്കുന്ന ആരോഗ്യമുള്ള നേത്രപടലം കാഴ്ച തകരാറുള്ള മറ്റൊരാളിലേക്ക് മാറ്റിവയ്ക്കുന്ന ശസ്ത്രക്രിയയാണ് കോർണിയ മാറ്റിവയ്ക്കൽ. ഗുരുതരമായ രോഗങ്ങൾ കൊണ്ടോ അപകടങ്ങളാലോ കോർണിയ തകരാറിലായവർക്ക് കാഴ്ച നഷ്ടപ്പെടാൻ സാധ്യതയുണ്ട്. അത്തരക്കാർക്ക് കാഴ്ച പുനസ്ഥാപിക്കാൻ സഹായകരമാണ് കോർണിയ മാറ്റിവയ്ക്കൽ ശസ്ത്രക്രിയ. പ്രാധാന്യം മുന്നിൽ കണ്ടാണ് കോർണിയ ട്രാൻസ്പ്ലാന്റേഷൻ യൂണിറ്റ് യാഥാർത്ഥ്യമാക്കുന്നതെന്നും മന്ത്രി വ്യക്തമാക്കി.ആഗോളതലത്തിൽ 2000 വർഷം മുതൽ എല്ലാ വർഷവും ഒക്ടോബർ മാസത്തിലെ രണ്ടാം വ്യാഴാഴ്ചയാണ് ലോക കാഴ്ചാ ദിനമായി ആചരിച്ചു വരുന്നത്. കാഴ്ച വൈകല്യവും നേത്രരോഗ പ്രതിരോധവും അന്ധതാ നിയന്ത്രണവുമായി ബന്ധപ്പെട്ട് പൊതുജനങ്ങളിൽ അവബോധം സൃഷ്ടിക്കുകയെന്ന ലക്ഷ്യത്തോടെയാണ് ലോകാരോഗ്യ സംഘടന ഈ ദിനാചരണം സംഘടിപ്പിക്കുന്നത്. സംസ്ഥാനത്തുടനീളം സർക്കാർ ആരോഗ്യ സ്ഥാപനങ്ങളുടെ നേതൃത്വത്തിൽ നേത്ര സംരക്ഷണത്തിന്റെ ആവശ്യകതയും പ്രാധാന്യവും വിളംബരം ചെയ്യുന്ന വിവിധ ബോധവൽക്കരണ പരിപാടികളും കാഴ്ച പരിശോധനാ ക്യാമ്പുകളും സംഘടിപ്പിക്കുന്നുണ്ട്.നേത്ര പരിചരണത്തിനും സംരക്ഷണത്തിനും മികച്ച ചികിത്സയ്ക്കുമായി ആരോഗ്യ വകുപ്പ് വിവിധ പദ്ധതികൾ ആവിഷ്ക്കരിച്ച് നടപ്പിലാക്കി വരുന്നു. നേത്ര വിഭാഗത്തെ ശക്തിപ്പെടുത്താൻ കോർണിയ ട്രാൻസ്പ്ലാന്റേഷൻ യൂണിറ്റ് പോലെയുള്ള ചികിത്സാ സൗകര്യങ്ങളാണ് ആവിഷ്കരിച്ചിട്ടുള്ളത്. കാഴ്ച പ്രശ്നമുള്ള സ്കൂൾ കുട്ടികൾക്കും വയോജനങ്ങൾക്കും സൗജന്യമായി കണ്ണട വാങ്ങി നൽകി വരുന്നു.

# ഒരു അന്വേഷണത്തിന്റെ തുടക്കം




ഷൈൻ ടോം ചാക്കോയെ കേന്ദ്ര കഥാപാത്രമാക്കി എം എ നിഷാദ് തിരക്കഥയെഴുതി സംവിധാനം ചെയ്യുന്ന ഒരു അന്വേഷണത്തിന്റെ തുടക്കം എന്ന ചിത്രത്തിന്റെ ഫസ്റ്റ് ലുക്ക് പോസ്റ്റർ റിലീസായി. ബെൻസി പ്രൊഡക്ഷൻസിന്റെ ബാനറിൽ കെ വി അബ്ദുൽ നാസർ നിർമ്മിക്കുന്ന ഈ ഇൻവെസ്റ്റിഗേഷൻ ചിത്രത്തിന്റെ ചിത്രീകരണം ബോംബെ, ഹൈദരാബാദ്, വാഗമൺ, കുട്ടിക്കാനം, കോട്ടയം എന്നിവിടങ്ങളിലായി പൂർത്തിയായി.

എം എ നിഷാദിന്റെ പിതാവും ഉന്നത പൊലീസ് ഉദ്യോഗസ്ഥനുമായിരുന്ന പി. എം. കുഞ്ഞിമൊയ്തീന്റെ പോലീസ് ഡിപ്പാർട്ട്മെന്റിലെ സേവന കാലത്ത്, അദ്ദേഹം തന്റെ ഡയറിയിൽ എഴുതിയ ഒരു കേസിന്റെ കുറിപ്പുകൾ വികസിപ്പിച്ചാണ് എം എ നിഷാദ് ഈ ചിത്രത്തിന്റെ കഥ തയ്യാറാക്കിയത്.

ക്രൈം ബ്രാഞ്ച് എസ് പി ഇടുക്കി എസ് പി എന്നീ പദവിയിൽ ദീർഘകാലം സേവനമനുഷ്ഠിച്ച ഉദ്യോഗസ്ഥനാണ് കുഞ്ഞുമൊയ്തീൻ. ഡിഐ ജി റാങ്കിൽ സർവീസിൽ നിന്ന് വിരമിച്ച അദ്ദേഹത്തിന് വിശിഷ്ട സേവനത്തിന് പ്രസിഡന്റിൽ നിന്നും രണ്ട് തവണ സ്വർണ്ണ മെഡൽ ലഭിച്ചിട്ടുണ്ട്.

വാണി വിശ്വനാഥ്, സമുദ്രകനി, മുകേഷ്, അശോകൻ,ബൈജു സന്തോഷ്,സുധീഷ്, ശിവദ,ദുർഗ്ഗ കൃഷ്ണ, മഞ്ജു പിള്ള,സ്വാസിക, അനുമോൾ,ആഭിജ, പ്രശാന്ത് അലക്സാണ്ടർ, ജോണി ആന്റണി, വിജയ് ബാബു,സുധീർ കരമന,ഇർഷാദ്, ജാഫർ ഇടുക്കി, രമേശ് പിഷാരടി,ഷഹീൻ സിദ്ദിഖ്,കോട്ടയം നസീർ,കൈലാഷ്, ബിജു സോപാനം, കലാഭവൻ ഷാജോൺ, സായ്കുമാർ, കലാഭവൻ നവാസ്, ജോണി ആന്റണി, പി ശ്രീകുമാർ, ശ്യാമപ്രസാദ്, ബാബു നമ്പൂതിരി, പ്രമോദ് വെളിയനാട്, സന്ധ്യ മനോജ്, പൊന്നമ്മ ബാബു, ഉമാ നായർ, സ്മിനു സിജോ, അനു നായർ, സിനി എബ്രഹാം, ദിൽഷ പ്രസാദ്, ഗൗരി പാർവതി, മഞ്ജു സുഭാഷ്, ജയകൃഷ്ണൻ, ജയകുമാർ, ജയശങ്കർ, അനീഷ് ഗോപാൽ, ചെമ്പിൽ അശോകൻ, ചാലി പാലാ, രാജേഷ് അമ്പലപ്പുഴ, അനീഷ് കാവിൽ, നവനീത് കൃഷ്ണ, ലാലി പി എം, അനന്തലക്ഷ്മി, അനിതാ നായർ, ഗിരിജാ സുരേന്ദ്രൻ, ഭദ്ര, പ്രിയാ രാജീവ്, അഞ്ജലീന എബ്രഹാം, ജെനി,അഞ്ചു ശ്രീകണ്ഠൻ, എം എ നിഷാദ് അറുപതിലധികം താരങ്ങൾ അഭിനയിക്കുന്നു. ഛായാഗ്രഹണം വിവേക് മേനോൻ, ചിത്രസംയോജനം ജോൺകുട്ടി,സംഗീതം എം ജയചന്ദ്രൻ, പശ്ചാത്തല സം?ഗീതം മാർക്ക് ഡി മൂസ്, ഗാനരചനപ്രഭാവർമ്മ, ഹരിനാരായണൻ, പളനി ഭാരതി, ഓഡിയോഗ്രാഫിഎം ആർ രാജാകൃഷ്ണൻ, സൗണ്ട് ഡിസൈൻ ബെന്നി, കലാസംവിധാനം ഗിരീഷ് മേനോൻ, വസ്ത്രാലങ്കാരം സമീറ സനീഷ്, മേക്കപ്പ് റോണക്സ് സേവ്യർ, പ്രൊഡക്ഷൻ കൺട്രോളർബിനു മുരളി,ചീഫ് അസോസിയേറ്റ് ഡയറക്ടർ കൃഷ്ണകുമാർ, അസോസിയേറ്റ് ഡയറക്ടർരമേശ് അമാനത്ത്,വി എഫ് എക്സ്: പിക്റ്റോറിയൽ, സ്റ്റിൽസ്ഫിറോസ് കെ ജയേഷ്,ആക്ഷൻ ഫീനിക്സ് പ്രഭു,ബില്ല ജഗൻ, കൊറിയോഗ്രാഫർ ബൃന്ദ മാസ്റ്റർ, ഡിസൈൻയെല്ലോ യൂത്ത്,പി ആർ ഒഎ എസ് ദിനേശ്.

# കുണ്ടന്നൂരിലെ കുത്സിതലഹള




ലുക്മാൻ അവറാൻ,വീണനായർ,ആശാ മഠത്തിൽ എന്നിവരെ പ്രധാന കഥാപാത്രങ്ങളാക്കി കേഡർ സിനി ക്രിയേഷൻസിന്റെ ബാനറിൽ അക്ഷയ് അശോക് തിരക്കഥയെഴുതി സംവിധാനം ചെയ്യുന്ന കുണ്ടന്നൂരിലെ കുത്സിതലഹള പ്രദർശനത്തിന് ഒരുങ്ങുന്നു.ജെയിൻ ജോർജ്,സുനീഷ് സാമി,പ്രദീപ് ബാലൻ,ദാസേട്ടൻ കോഴിക്കോട്, സെൽവരാജ്,ബേബി,മേരി,അനുരദ് പവിത്രൻ,അധിൻ ഉള്ളൂർ,സുമിത്ര,ആദിത്യൻ എന്നിവർക്കൊപ്പം നിരവധി പുതുമുഖങ്ങളും ഈ ചിത്രത്തിൽ അഭിനയിക്കുന്നു.ഫജു എ വി ചായാഗ്രഹണം നിർവഹിക്കുന്നു.ജെയിൻ ജോർജ്, സുനീഷ് സാമി,പ്രദീപ് ബാലൻ,ദാസേട്ടൻ കോഴിക്കോട്, സെൽവരാജ്,ബേബി,മേരി,അനുരദ് പവിത്രൻ,അധിൻ ഉള്ളൂർ,സുമിത്ര,ആദിത്യൻ എന്നിവർക്കൊപ്പം നിരവധി പുതുമുഖങ്ങളും ഈ ചിത്രത്തിൽ അഭിനയിക്കുന്നു.

അക്ഷയ് അശോക്, ജിബിൻ കൃഷ്ണ, മുരുകൻ മന്ദിരം എന്നിവരുടെ വരികൾക്ക് മെൽവിൻ മൈക്കിൾ സംഗീതം പകരുന്നു.ബെന്നി ദയാൽ,വൈക്കം വിജയലക്ഷ്മി,ജാസി ഗിഫ്ട്,അൻവർ സാദത്ത്,അനന്യ ചക്രവർത്തി എന്നിവരാണ് ഗായകർ.എഡിറ്റർഅശ്വിൻ ബി.പ്രൊഡക്ഷൻ കൺട്രോളർഅജി പി ജോസഫ്,കലനാരായണൻ,മേക്കപ്പ്ബിജി ബിനോയ്,കോസ്റ്റ്യൂംസ്മിനി സുമേഷ്,പരസ്യകലഅദിൻ ഒല്ലൂർ, ചീഫ് അസോസിയേറ്റ് ഡയറക്ടർഅദിൻ ഒല്ലൂർ,സൗരഭ് ശിവ, സൗണ്ട് ഡിസൈൻഅക്ഷയ് രാജ് കെ,ഇമിൻ ടോം മാത്യൂസ്, വിഎഫ്എക്സ്രൻതീഷ് രാമകൃഷ്ണൻ,ആക്ഷൻറോബിൻ ടോം, ടൈറ്റിൽ ഡിസൈൻഅനന്തു ഡിസൈൻ, പ്രൊഡക്ഷൻ മാനേജർനിഖിൽ സി എം,പി ആർ ഒഎ എസ് ദിനേശ്.

# ത്രയം ഒക്ടോബർ 25ന്




സണ്ണി വെയ്ൻ,ധ്യാൻ ശ്രീനിവാസൻ,അജു വർഗ്ഗീസ്, എന്നിവരെ പ്രധാന കഥാപാത്രങ്ങളാക്കി സഞ്ജിത്ത് ചന്ദ്രസേനൻ സംവിധാനം ചെയ്യുന്ന ത്രയം ഇരുപത്തിയഞ്ചിന് പ്രദർശനത്തിനെത്തുന്നു.

പൂർണമായും രാത്രിയിൽ ചിത്രീകരിച്ച ത്രയത്തിൽനിരഞ്ജ് മണിയൻ പിള്ള രാജു,രാഹുൽ മാധവ്,ശ്രീജിത്ത് രവി,ചന്ദു നാഥ്,ശാലു റഹീം, കാർത്തിക് രാമകൃഷ്ണൻ,ഗോപീകൃഷ്ണൻ കെ വർമ്മ,ഡെയ്ൻ ഡേവിസ്,സുരഭി സന്തോഷ്,നിരഞ്ജന അനൂപ്, സരയൂ മോഹൻ, അനാർക്കലി മരിക്കാർ,ഡയാന ഹമീദ് തുടങ്ങിയ പ്രമുഖ താരങ്ങളും അഭിനയിക്കുന്നു.തിരക്കേറിയ ഒരു നഗരത്തിൽ അപ്രതീക്ഷിതമായി എത്തി ചേരുന്ന ചില കഥാപാത്രങ്ങളും അവിചാരിതമായി സംഭവിക്കുന്ന ചില കാര്യങ്ങൾ അവരുടെ ജീവിതത്തിൽ വരുത്തുന്ന മാറ്റങ്ങളുമാണ് 'ത്രയം'എന്ന ത്രില്ലർ ചിത്രത്തിൽ ദൃശ്യവൽക്കരിക്കുന്നത്.

അജിത് വിനായക ഫിലിംസിന്റെ ബാനറിൽ വിനായക അജിത്ത് നിർമ്മിക്കുന്ന ഈ ചിത്രത്തിന്റെ ഛായാഗ്രഹണം ജിജു സണ്ണി നിർവ്വഹിക്കുന്നു.

ഗോഡ്സ് ഓൺ കൺട്രി എന്ന ചിത്രത്തിനു ശേഷം അരുൺ കെ ഗോപിനാഥ് തിരക്കഥ സംഭാഷണമെഴുതുന്ന സിനിമയാണ് ത്രയം.

സംഗീതംഅരുൺ മുരളിധരൻ, എഡിറ്റർരതീഷ് രാജ്, പ്രൊഡക്ഷൻ കൺട്രോളർസജീവ് ചന്തിരൂർ,കല സൂരജ് കുറവിലങ്ങാട്, വസ്ത്രാലങ്കാരംസുനിൽ ജോർജ്ജ്,ബുസി ബേബി ജോൺ, മേക്കപ്പ്പ്രദീപ്ഗോപാലകൃഷ്ണൻ,സ്റ്റിൽസ്നവീൻ മുരളി,പരസ്യകലആന്റണി സ്റ്റീഫൻ,ചീഫ് അസോസിയേറ്റ് ഡയറക്ടർഷിബു രവീന്ദ്രൻ, അസിസ്റ്റന്റ് ഡയറക്ടർവിവേക്,പ്രൊഡക്ഷൻ എക്സിക്യൂട്ടിവ്സഫി ആയൂർ,പി ആർ ഒഎ എസ് ദിനേശ്.

# സ്വച്ഛന്ദമൃത്യു

ശിവജി ഗുരുവായൂർ, ജയരാജ് വാര്യർ എന്നിവരെ പ്രധാന കഥാപാത്രങ്ങളാക്കി ഷാൻ കേച്ചേരി കഥയെഴുതി സംവിധാനംചെയ്യുന്ന ചിത്രമാണ് സ്വച്ഛന്ദമൃത്യു. ജയകുമാർ,കോട്ടയം സോമരാജ്, ഡോക്ടർ സൈനുദ്ദീൻ പട്ടാഴി,ഖുറേഷി ആലപ്പുഴ, അഷ്റഫ്,നജ്മൂദ്ദീൻ,ശ്രീകല ശ്യാം കുമാർ,മോളി കണ്ണമാലി,ശയന ചന്ദ്രൻ,അർച്ചന,ധന്യ തുടങ്ങിയവരാണ് മറ്റു പ്രധാന താരങ്ങൾ.വൈഡ് സ്ക്രീൻ മീഡിയ പ്രൊഡക്ഷൻസിന്റെ ബാനറിൽ ഡോക്ടർ മനോജ് ഗോവിന്ദൻ നിർമ്മിക്കുന്ന ഈ ചിത്രത്തിന്റെ ഛായാഗ്രഹണം ശ്യാം കുമാർ നിർവഹിക്കുന്നുസുധിൻലാൽ നജ്മൂദ്ദീൻ,ഷാൻ എന്നിവർ ചേർന്ന് തിരക്കഥ സംഭാഷണമെഴുതുന്നു. ജോഫി തരകൻ,ഷഹീറ നസീർ എന്നിവരുടെ വരികൾക്ക് നിഖിൽ മോഹൻ,നവനീത് എന്നിവർ സംഗീതം പകരുന്നു.എഡിറ്റർഷിനോ ഷാബി.പ്രൊഡക്ഷൻ കൺട്രോളർദീപു എസ് കുമാർ,കലസാബു എം രാമൻ,മേക്കപ്പ്അശ്വതി,വസ്ത്രാലങ്കാരംവിനു ലാവണ്യ, ചീഫ് അസോസിയേറ്റ് ഡയറക്ടർവിഷ്ണു കലഞ്ഞൂർ,സ്റ്റിൽസ്ശ്യാം ജിത്തു,ഡിസൈൻസൂരജ് സുരൻ,പി ആർ ഒഎ എസ് ദിനേശ്.



സൊസൈറ്റി ടുഡേ
SOCIETY TODAY



# വേമ്പനാട്ടുകായലിൽ പോളപ്പായൽ തിങ്ങി; മത്സ്യതൊഴിലാളികളുടെ ജീവിതം വഴിമുട്ടുന്നു

**വൈക്കം:** വേമ്പനാട്ടു കായലിൽ പോളപ്പായൽ തിങ്ങിയതിനെ തുടർന്ന് ജലഗതാഗതവും മത്സ്യബന്ധനവും കടുത്ത പ്രതിസന്ധിയിലാകുന്നു.

തണ്ണീർമുക്കം ബണ്ടിനു വടക്കുഭാഗം മുതൽ പുത്തോട്ടവരെയാണ് പോളപ്പായൽ തിങ്ങിയത്. പോള വളർന്ന് തിങ്ങി കായലിൽ നിറഞ്ഞതോടെ ജലഗതാഗതത്തിനും മത്സ്യബന്ധനത്തിനും വിനോദ സഞ്ചാര മേഖലയ്ക്കും ദുരിതമാകുകയാണ്. മഴ ശക്തമായതോടെ കായലിൽ ലവണാംശം കുറഞ്ഞതും പോളപ്പായൽ വളർന്നു പരക്കാൻ ഇടയാക്കി.

ചിഞ്ഞുതാഴുന്ന പായലുകൾ മൽസ്യബന്ധനത്തിനും ജലഗതാഗതത്തിനും തടസം സൃഷ്ടിക്കുന്നതിനൊപ്പം മലിനീകരണത്തിനുമിടയാക്കുന്നു. വേമ്പനാട്ടുകായലിൻറെ മനോഹാരിത നുകരാൻ വഞ്ചിവീടുകളിൽ കായൽചുറ്റുന്ന വിനോദ സഞ്ചാരികൾക്കും പോളപ്പായൽ അലോസരമുണ്ടാക്കുന്നു.

ചെറുവള്ളങ്ങൾ തുഴഞ്ഞു പോകാനാവാതെ വന്നതോടെ കക്കാവാരൽ തൊഴിലാളികൾക്കും തൊഴിൽ നഷ്ടപ്പെടുകയാണ്. ഉൾതോടുകളിൽ നിന്നുമാണ് പോള കായലിലെത്തുന്നത്. വൈക്കം തവണക്കടവ്, ചെമ്മനാകരി മണപ്പുറം, പൂത്തോട്ട പെരുമ്പളം എന്നിവടങ്ങളെ ബന്ധിപ്പിച്ചു നടത്തുന്ന ബോട്ടു സർവീസുകൾക്കും വലിയ പ്രതിസന്ധിയാണ് ഇതു സൃഷ്ടിക്കുന്നത്.

മത്സ്യബന്ധനത്തെയും ജലഗതാഗതത്തേയും പ്രതികൂലമായി ബാധിക്കുന്ന പോളപ്പായൽനീക്കുന്നതിന് സർക്കാർ നടപടി സ്വീകരിക്കണമെന്നാണ് മത്സ്യ തൊഴിലാളികളുടെ ആവശ്യം.

# വാഗമൺ ചില്ലുപാലം വീണ്ടും തുറന്നു

**തൊടുപുഴ:** മൂന്നു മാസത്തോളം അടച്ചിട്ടിരുന്ന വാഗമണ്ണിലെ കോലാഹലമേട് അഡ്വഞ്ചർ പാർക്കിലെ ചില്ലുപാലം വീണ്ടും തുറന്നു. ഇന്നലെയാണ് പാലം സന്ദർശകർക്കായി തുറന്നുനൽകിയത്. ഇന്നലെ മാത്രം അറുനൂറിലധികം സഞ്ചാരികളാണ് പാലത്തിൽ കയറി ദൂരക്കാഴ്ച ആസ്വദിച്ചത്. നാൽപത് അടി നീളത്തിലും നൂറ്റിയൻപത് അടി ഉയരത്തിലും കാൻഡി ലിവർ മാതൃകയിൽ നിർമിച്ച ഗ്ലാസ് ബ്രിഡ്ജ് കാലാവസ്ഥ അനുകൂലമായ സാഹചര്യത്തിലാണ് വീണ്ടും തുറക്കുന്നത്.

കഴിഞ്ഞ മഴക്കാലത്ത് സുരക്ഷയെ മുൻനിർത്തി പാലം അടച്ചിടാൻ വിനോദസഞ്ചാര വകുപ്പ് ഡയറക്ടർ നിർദേശിച്ചിരുന്നു. സംസ്ഥാനത്തെ ഫ്ളോട്ടിംഗ് ബ്രിഡ്ജുകളുടെയും ഗ്ലാസ് ബ്രിഡ്ജിൻറെയും പ്രവർത്തനം ജൂൺ ഒന്നുമുതൽ നിർത്തിവയ്ക്കുകയായിരുന്നു. കോഴിക്കോട് എൻഐടിയിലെ സിവിൽ എൻജനിയറിംഗ് വിഭാഗം നടത്തിയ പഠനത്തിൻറെ ഇടക്കാല റിപ്പോർട്ടിലെ ശിപാർശകൾ കർശനമായി പാലിക്കുന്നുവെന്ന് ഉറപ്പാക്കിയാണ് പാലം വീണ്ടും തുറന്നിരിക്കുന്നത്.

ഒരു സമയം 15 പേരെ മാത്രമേ പാലത്തിൽ കയറാൻ അനുവദിക്കുകയുള്ളു. കനത്ത മഴ, കാറ്റ് തുടങ്ങിയ പ്രതികൂല കാലാവസ്ഥയിൽ പ്രവേശനം അനുവദിക്കില്ല. രാവിലെ ഒൻപതു മുതൽ വൈകുന്നേരം 5.30 വരെയാണ് സഞ്ചാരികൾക്ക് പ്രവേശനം. ഒരാൾക്ക് 250 രൂപയാണ് ടിക്കറ്റ് ചാർജ്.

ഇന്ത്യയിലെ ഏറ്റവും നീളമുള്ള കാൻഡി ലിവർ ചില്ലുപാലമാണ് വാഗമണ്ണിലേത്.

സമുദ്ര നിരപ്പിൽ നിന്നും 3500 അടി ഉയരത്തിൽ സ്ഥിതി ചെയ്യുന്ന പാലം 2023 സെപ്റ്റംബറിലാണ് വിനോദ സഞ്ചാരികൾക്കായി തുറന്നു നൽകിയത്.

# സെൻട്രൽ കേരള സഹോദയ സിബിഎസ്ഇ കലോത്സവം കൊടിയിറങ്ങി; മൂവാറ്റുപുഴ നിർമലയ്ക്കു കിരീടം

**മൂവാറ്റുപുഴ:** സെൻട്രൽ കേരള സഹോദയ സിബിഎസ്ഇ കലോത്സവത്തിൽ (സർഗധ്വനി 2024) ആതിഥേയരായ മൂവാറ്റുപുഴ നിർമല പബ്ലിക് സ്കൂളിന് ഓവറോൾ കിരീടം. 963 പോയിൻറോടെയാണ് നിർമല മൂന്നു ദിവസത്തെ കലോത്സവത്തിൽ ആധിപത്യം ഉറപ്പിച്ചത്. വാഴക്കുളം കാർമൽ പബ്ലിക് സ്കൂൾ 763 പോയിൻറുമായി രണ്ടാം സ്ഥാനത്തെത്തി. 528 പോയിൻറുമായി തൊടുപുഴ വിമല പബ്ലിക് സ്കൂളിനാണു മൂന്നാം സ്ഥാനം.

നാലു മുതൽ പത്തുവരെ സ്ഥാനങ്ങളിലെത്തിയ സ്കൂളുകളും പോയിൻറു നിലയും ക്രമത്തിൽ: വാളകം ബ്രൈറ്റ് പബ്ലിക് സ്കൂൾ (522), തൊടുപുഴ ജയ് റാണി പബ്ലിക് സ്കൂൾ, തൊടുപുഴ ഡി പോൾ പബ്ലിക് സ്കൂൾ (492 ഇരു സ്കൂളുകൾക്കും അഞ്ചാംസ്ഥാനം.), കൂത്താട്ടുകുളം മേരിഗിരി പബ്ലിക് സ്കൂൾ (486), തൊടുപുഴ മുട്ടം ശാന്താൾ ജ്യോതി പബ്ലിക് സ്കൂൾ (483), അങ്കമാലി എടക്കുന്ന് നൈപുണ്യ പബ്ലിക് സ്കൂൾ (466), മൂവാറ്റുപുഴ സെൻറ് തോമസ് പബ്ലിക് സ്കൂൾ (459), കോതമംഗലം ഗ്രീൻവാലി പബ്ലിക് സ്കൂൾ (435).



ഇടുക്കി, എറണാകുളം, തൃശൂർ ജില്ലകളിലെ സിബിഎസ്ഇ സ്കൂളിൽ നിന്നായി നാലായിരത്തോളം പ്രതിഭകൾ മാറ്റുരച്ച കലോത്സവത്തിലെ വിജയികൾ പാലക്കാട് നടക്കുന്ന സംസ്ഥാന കലോത്സവത്തിൽ പങ്കെടുക്കും. സമാപന സമ്മേളനം കോതമംഗലം രൂപത വികാരി ജനറാൾ മോൺ. ഡോ. പയസ് മലേക്കണ്ടത്തിൽ ഉദ്ഘാടനം ചെയ്തു. സെൻട്രൽ കേരള സഹോദയ പ്രസിഡൻറ് ഫാ. മാത്യു കരീത്തറ അധ്യക്ഷത വഹിച്ചു. സഹോദയ സംസ്ഥാന പ്രസിഡൻറ് ഫാ. സിജൻ പോൾ ഊന്നുകല്ലേൽ, സെക്രട്ടറി ജൈന പോൾ, വൈസ് പ്രസിഡൻറ് ഫാ. ജോൺസൺ പാലപ്പിള്ളി, സർഗധ്വനി ജനറൽ കൺവീനർ ഫാ. പോൾ ചൂരത്തൊട്ടി, നിർമല പബ്ലിക് സ്കൂൾ പ്രധാനാധ്യാപിക സിസ്റ്റർ ലിജിയ, ആവോലി പഞ്ചായത്തംഗം രാജേഷ് പൊന്നുംപുരയിടം, പിടിഎ പ്രസിഡൻറ് സി.വി. ജോണി തുടങ്ങിയവർ പ്രസംഗിച്ചു. മിമിക്രി താരം ജോബി പാലാ വിജയികൾക്ക് സമ്മാനങ്ങൾ വിതരണം ചെയ്തു.



# കൊരട്ടി തിരുനാളിന് കൊടിയേറി

**കൊരട്ടി:** കേരളത്തിലെ ലൂർദ് എന്നറിയപ്പെടുന്ന കൊരട്ടി സെൻറ് മേരീസ് ഫൊറോന പള്ളിയിൽ അദ്ഭുതപ്രവർത്തകയായ കൊരട്ടിമുത്തിയുടെ തിരുനാളിനു കൊടിയേറി.

ചൈതന്യംമുറ്റിയ പള്ളിയങ്കണത്തിൽ മാതൃവാത്സല്യത്തിൻറെ തണൽതേടി തൊഴുകൈകളോടെ പ്രാർഥനാനിരതരായി നിന്ന ഭക്തജനങ്ങളുടെ സാന്നിധ്യത്തിലാണ് വികാരി ഫാ. ജോൺസൺ കക്കാട്ട് കൊടിയേറ്റിയത്. വൈകീട്ട് നാലിനു നടന്ന ജപമാലയ്ക്കും ലദീഞ്ഞിനുംശേഷമായിരുന്നു കൊടിയേറ്റ്. തുടർന്ന് നൂറുകണക്കിനു ഭക്തജനങ്ങൾ പ്രദക്ഷിണമായി ടൗൺ കപ്പേളയിലെത്തി.

വൈകീട്ട് 5.30നു നടന്ന ആഘോഷമായ പാട്ടുകുർബാനയ്ക്കു ഫാ. ഡേവീസ് ചിറയ്ക്കൽ മുഖ്യകാർമികനായി. ഫാ.അസി തൈപ്പറമ്പിൽ വചനസന്ദേശം നൽകി. തുടർന്നു വർണമഴയും രാത്രി പത്തുമണി വരെ ബാൻഡ് മേളവും അരങ്ങേറി. പതിവുപോലെ ഈ വർഷവും കൊരട്ടി മർച്ചൻറ്സ് അസോസിയേഷനാണ് കപ്പേള തിരുനാൾ ഏറ്റെടുത്തു നടത്തിയത്. ഇന്നു വൈകീട്ട് 6.30നു മദുര കോട്സ് ഗ്രൗണ്ടിൽ മുവാറ്റുപുഴ ഏയ്ഞ്ചൽ വോയ്സിൻറെ ഗാനമേളയും സംഘടിപ്പിച്ചിട്ടുണ്ട്.

കൊടിയേറ്റുചടങ്ങിൽ ബെന്നി ബഹനാൻ എംപി, ഗ്രാമപഞ്ചായത്ത് പ്രസിഡൻറ് പി.സി. ബിജു, മുൻ എംഎൽഎ ബി.ഡി. ദേവസി തുടങ്ങിയവർ പങ്കെടുത്തു. അസിസ്റ്റൻറ് വികാരിമാരായ ഫാ. പ്രവീൺ വെള്ളാട്ടുപറമ്പൻ, ഫാ. നിഖിൽ പള്ളിപ്പാട്ട്, ഫാ. പോൾ കല്ലൂക്കാരൻ, ഫാ. ആൻറണി കോടങ്കാടത്ത്, കൈക്കാരന്മാരായ ജോഫി നാൽപ്പാട്ട്, വി.ഡി. ജൂലിയസ്, ജനറൽ കൺവീനർ ജിഷോ ജോസ് എന്നിവർ നേതൃത്വം നൽകി.



# കക്കയം കെഎസ്ഇബി കോളനിയിൽ നിർമിച്ച ക്വാർട്ടേഴ്സ് കെട്ടിടങ്ങൾ നശിക്കുന്നു

**കൂരാച്ചുണ്ട്:** കക്കയത്ത് കെഎസ്ഇബി കോളനിയിൽ ജീവനക്കാർക്ക് താമസിക്കുന്നതിനായി കെഎസ്ഇബി വർഷങ്ങൾക്ക് മുമ്പ് ലക്ഷങ്ങൾ ചെലവഴിച്ചു പണികഴിപ്പിച്ചിട്ടുള്ള ക്വാർട്ടേഴ്സ് കെട്ടിടങ്ങൾ നശിക്കുന്നു. കക്കയം ഡാമിൻറെ നിർമാണ കാലത്ത് കെഎസ്ഇബിയുടെ അധീനതയിലുള്ള ഭൂമിയിലാണ് ക്വാർട്ടേഴ്സ് കെട്ടിടങ്ങൾ നിർമിച്ചിട്ടുള്ളത്. ഏക്കറുകളോളം സ്ഥലത്തായി ഒട്ടനവധി കെട്ടിടങ്ങളാണ് ഇപ്പോൾ നാശത്തിൻറെ വക്കിലുള്ളത്. അക്കാലത്ത് ലക്ഷങ്ങൾ ചെലവഴിച്ച് നിർമിച്ചിട്ടുള്ള ഈ കെട്ടിടങ്ങളിൽ പലതും അറ്റകുറ്റപ്പണികൾ നടത്താത്തതിനാൽ താമസയോഗ്യമല്ലാതെ കിടക്കുകയാണ്.

ഈ മേഖലയിൽ നിർമിച്ചിട്ടുള്ള ക്വാർട്ടേഴ്സുകളിൽ നാമമാത്ര കെട്ടിടങ്ങളിൽ മാത്രമാണ് ആളുകൾ താമസിച്ചു വരുന്നത്. എന്നാൽ, ഒട്ടേറെ കെട്ടിടങ്ങൾ കാടുകയറിയും കെട്ടിടത്തിൻറെ കോൺക്രീറ്റ് നശിച്ചും കിടക്കുകയാണ്. കെട്ടിടങ്ങൾ അറ്റകുറ്റപ്പണി നടത്തി വാസയോഗ്യമാക്കാൻ കഴിയുന്നവയുമുണ്ട്.

വിനോദ സഞ്ചാരകേന്ദ്രങ്ങൾ പ്രവർത്തിക്കുന്ന കക്കയത്ത് എത്തിച്ചേരുന്ന വിനോദസഞ്ചാരികൾക്കും മറ്റും ഉപകാരപ്രദമാകുന്ന രീതിയിൽ താമസിക്കുന്നതിനായി ഉപയോഗപ്പെടുത്താൻ കഴിയുമെന്ന അഭിപ്രായങ്ങൾ നാട്ടിൽ ഉയരുന്നുണ്ട്.

കക്കയത്തെ ടൂറിസ വികസനം മുന്നിൽ കണ്ട് ഇവിടെയെത്തുന്ന സന്ദർശകരിൽ നിന്നും വാടക ഈടാക്കിക്കൊണ്ട് താമസത്തിനുള്ള സൗകര്യം ഒരുക്കാമെന്നാണ് പറയപ്പെടുന്നത്. ലക്ഷങ്ങൾ ചെലവഴിച്ച് നിർമിച്ച കെട്ടിടങ്ങൾ ജനോപകാരപ്രദമാക്കാൻ കെഎസ്ഇബി അധികൃതർ തയാറാകണമെന്നാണ് നാട്ടുകാരും ആവശ്യപ്പെടുന്നത്.




# പാരീസ് ഒളിമ്പിക്സിൽ ഇന്ത്യയെ പ്രതിനിധീകരിച്ച പിഎൻബി ജീവനക്കാരായ ഹോക്കി കളിക്കാരെ ആദരിച്ചു

**ന്യൂഡൽഹി:** മുൻനിര പൊതുമേഖലാ ബാങ്കായ പഞ്ചാബ് നാഷണൽ ബാങ്ക് (പിഎൻബി) 2024 ലെ പാരീസ് ഒളിമ്പിക്സിൽ ഇന്ത്യയെ പ്രതിനിധീകരിച്ച രണ്ട് ഹോക്കി കളിക്കാരെ ഡൽഹിയിലെ ദ്വാരകയിലുള്ള കോർപ്പറേറ്റ് ഓഫീസിൽ വെച്ച് ആദരിച്ചു. ഇന്ത്യൻ നാഷണൽ ഹോക്കി ടീമിലെ അംഗങ്ങളും പിഎൻബിയിലെ ജീവനക്കാരുമായ അഭിഷേകിന്റെയും സുഖ്ജീത് സിംഗിന്റെയും ശ്രദ്ധേയമായ നേട്ടങ്ങൾ ചടങ്ങ് ആഘോഷിച്ചു.

അഭിഷേക്, സുഖ്ജീത് സിംഗ് എന്നിവർക്ക് 25 ലക്ഷം രൂപയുടെ ക്യാഷ് ഇൻസെന്റീവ്, രണ്ട് അധിക ഇൻക്രിമെന്റുകൾ, ഔട്ട് ഓഫ് ടേൺ പ്രൊമോഷൻ എന്നിവ അവരുടെ നേട്ടങ്ങൾക്കുള്ള അംഗീകാരത്തിന്റെ അടയാളമായി സമ്മാനിച്ചു.

പിഎൻബി എംഡി & സിഇഒ അതുൽ കുമാർ ഗോയൽ, പിഎൻബി ഇഡിമാരായ ബിനോദ് കുമാർ, എം. പരമശിവം, ബിഭു പി. മഹാപാത്ര, സിവിഒ രാഘവേന്ദ്ര കുമാർ, സിജിഎം സഞ്ജയ് വർഷ്ണേയ, ബാങ്കിലെ മറ്റ് മുതിർന്ന ഉദ്യോഗസ്ഥർ എന്നിവർ ചടങ്ങിൽ പങ്കെടുത്തു.

സ്പോർട്സിനോടുള്ള ബാങ്കിന്റെ പ്രതിബദ്ധത ആവർത്തിച്ചുകൊണ്ട്, പിഎൻബി സിജിഎം സഞ്ജയ് വർഷ്ണേയ, പിഎൻബി ഹോക്കി അക്കാദമിയിലേക്കുള്ള ജൂനിയർ ഹോക്കി ടീമിലേക്ക് 25 കളിക്കാരെയും ഇന്ത്യയിലുടനീളമുള്ള സീനിയർ ഹോക്കി ടീമിലേക്ക് 9 കളിക്കാരെയും റിക്രൂട്ട് ചെയ്യുന്നതായി പ്രഖ്യാപിച്ചു.

# ഐസിഐസിഐ ബാങ്ക് ഫോൺപേ സഹകരണം

**കൊച്ചി:** ഐസിഐസിഐ ബാങ്ക് തങ്ങളുടെ പ്രീഅപ്രൂവ്ഡ് ഉപഭോക്താക്കൾക്ക് യുപിഐയിൽ തൽക്ഷണ വായ്പ ലഭ്യമാക്കാനായി ഫോൺപേയുമായി സഹകരിക്കുന്നു. ഈ സഹകരണത്തിലൂടെ ഐസിഐസിഐ ബാങ്കിൻറെ ദശലക്ഷക്കണക്കിനുള്ള പ്രീഅപ്രൂവ്ഡ് ഉപഭോക്താക്കൾക്ക് ഫോൺപേ ആപ്പിലൂടെ തൽക്ഷണ ഹ്രസ്വകാല വായ്പ ലഭ്യമാകുമെന്ന് ഐസിഐസിഐ ബാങ്ക് പേയ്മെൻറ് സൊല്യൂഷൻസ് പ്രൊഡക്ട് ഹെഡ് നിരജ് ട്രൽഷവാല പറഞ്ഞു. ഇത് യുപിഐ ഇടപാടുകൾക്ക് സുരക്ഷിതമായി ഉപയോഗിക്കുകയും ചെയ്യാം. യുപിഐയിലൂടെ രണ്ടു ലക്ഷം രൂപവരെയുള്ള വായ്പയാണ് ബാങ്ക് ലഭ്യമാക്കുന്നത്. 45 ദിവസത്തെ തിരിച്ചടവ് സമയം ലഭിക്കും.ഇലക്ട്രോണിക്സ്, ട്രാവൽ, ഹോട്ടൽ ബുക്കിങ്, ബിൽ പേയ്മെൻറുകൾ തുടങ്ങിയവയ്ക്കായി ഉപഭോക്താക്കളെ ശാക്തീകരിക്കാനാണ് ഉത്സവകാലത്ത് ഈ സേവനം ലഭ്യമാക്കിയിരിക്കുന്നത്.ഉത്സവ കാലത്ത് ഐസിഐസിഐ ബാങ്കിൻറെ പ്രീഅംഗീകൃത ഉപഭോക്താക്കൾക്ക് ഉത്സവ ഷോപ്പിംഗ് ആവശ്യങ്ങൾക്കായി ഫോൺപേയിലൂടെ പണമടയ്ക്കുന്നതിന് വായ്പ തൽക്ഷണം സജീവമാക്കാം. തടസ്സങ്ങളില്ലാത്ത ഡിജിറ്റൽ വായ്പ നൽകാൻ ലക്ഷ്യമിട്ടുള്ള ഈ സേവനം തങ്ങളുടെ ഉപഭോക്താക്കളുടെ സ്വകാര്യ ബാങ്കിംഗ് അനുഭവത്തിൽ ഒരു പ്രധാന പങ്ക് വഹിക്കാൻ കഴിയുമെന്നും നിരജ് ട്രൽഷവാല പറഞ്ഞു.യുപിഐയിലെ വായ്പ ഒരു നൂതന പദ്ധതിയാണ് ഇത് രാജ്യത്ത് വായ്പ ലഭ്യമാക്കുന്നതിലും ഉപയോഗിക്കുന്നതിലും വലിയ മാറ്റം സൃഷ്ടിക്കുകയും ചെയ്യും. ഫോൺപേയിൽ ഈ പദ്ധതിയുടെ വ്യാപ്തിയും ലഭ്യതയും വർദ്ധിപ്പിക്കുന്നതിലാണ് തങ്ങൾ ശ്രദ്ധ കേന്ദ്രീകരിക്കുന്നത്, ഐസിഐസിഐ ബാങ്കുമായുള്ള ഈ പങ്കാളിത്തം ഒരു പ്രധാന നാഴികക്കല്ലാണെന്ന് ഫോൺപേയുടെ പേയ്മെൻറ് വിഭാഗം മേധാവി ദീപ് അഗർവാൾ പറഞ്ഞു.

# ഡോസീ ശ്രവൺ പുറത്തിറക്കി

**കൊച്ചി:** റിമോട്ട് പാരന്റ് മോണിറ്ററിംഗ് (ആർപിഎം) സേവനമായ ഡോസീ ശ്രവൺ പുറത്തിറക്കി രാജ്യത്തെ ആരോഗ്യ ഉപകരണ മേഖലയിലെ കമ്പനിയായ ഡോസീ. ഡോസീ ശ്രവണിലൂടെ ഇപ്പോൾ വിദേശത്തുള്ളവർക്കും തങ്ങളുടെ മാതാപിതാക്കളുടെ ആരോഗ്യനില കൃത്യമായി പരിശോധിക്കുവാൻ സാധിക്കുമെന്ന് കമ്പനി അധികൃതർ വ്യക്തമാക്കി. മുതിർന്ന പൗരന്മാർക്കായാണ് ഡോസിയുടെ എഐ കരുത്തുള്ള കോൺടാക്ലെസ് റിമോട്ട് ഹെൽത്ത് മോണിറ്ററിംഗ് ടെക്നോളജി തയ്യാറാക്കിയിട്ടുള്ളത്. ആരോഗ്യനില സംബന്ധിച്ചുള്ള ഡാറ്റ സുരക്ഷിതമായി ഇരു കുടുംബങ്ങൾക്കും ആരോഗ്യസേവനദാതാക്കൾക്കും മാത്രമാണ് ഇതിലൂടെ പങ്കുവെക്കപ്പെടുന്നത്. ഡോസിയുടെ നിരന്തരമായ ആരോഗ്യ




പരിശോധനകളും റിയൽ ടൈം അലർട്ടുകളും ശരീരത്തിലെ ഘടകങ്ങളുടെ അളവിലുണ്ടാകുന്ന ചെറിയ മാറ്റം പോലും തിരിച്ചറിയുവാനും, കൃത്യ സമയത്ത് ആരോഗ്യവിദഗ്ധരുടെ സേവനം ഉറപ്പാക്കുവാനും സാധിക്കും.

ഇന്ത്യയിലെ പ്രഥമ പേഷ്യന്റ് മോണിറ്ററിംഗ് കമ്പനി എന്ന നിലയിൽ രാജ്യത്തുടനീളമുള്ള 280 മുൻനിര ആശുപത്രികളിൽ ഡോസിയുടെ സേവനം ഉപയോഗപ്പെടുത്തുന്നുണ്ടെന്നും കമ്പനി അധികൃതർ വ്യക്തമാക്കി.



# യൂണിയൻ ബാങ്ക് ഓഫ് ഇന്ത്യ ഹിന്ദി ദിവസ് ആഘോഷിച്ചു

**മുംബൈ:** മുൻനിര പൊതുമേഖലാ ബാങ്കുകളിലൊന്നായ യൂണിയൻ ബാങ്ക് ഓഫ് ഇന്ത്യ സംഘടിപ്പിച്ച ഹിന്ദി ദിവസ് ആഘോഷങ്ങൾ മുംബൈ നരിമാൻ പോയിന്റിലുള്ള വൈ ബി ചവാൻ ഓഡിറ്റോറിയത്തിൽ നടന്നു.

യൂണിയൻ ബാങ്ക് എംഡിയും സിഇഒയുമായ എ.മണിമേഖലൈ അധ്യക്ഷത വഹിച്ച ചടങ്ങിൽ എക്സിക്യൂട്ടീവ് ഡയറക്ടർ സഞ്ജയ് രുദ്ര, ചീഫ് ജനറൽ മാനേജർ (എച്ച്ആർ) ചന്ദ്ര മോഹൻ മിനോച്ച എന്നിവരും പങ്കെടുത്തു.

ചടങ്ങിൽ സംസാരിച്ച എംഡിയും സിഇഒയുമായ എ മണിമേഖലൈ, ബാങ്ക് വാഗ്ദാനം ചെയ്യുന്ന നൂതന ഉൽപ്പന്ന സേവനങ്ങളെക്കുറിച്ചും ഉപഭോക്തൃ സേവനത്തിൽ ഹിന്ദിയുടെയും പ്രാദേശിക ഭാഷകളുടെയും പ്രാധാന്യത്തെക്കുറിച്ചും എടുത്തുപറയുകയും ചെയ്തു. ബാങ്കിന്റെ സാമൂഹിക ഉത്തരവാദിത്ത പരിപാടികളുടെ ഭാഗമായി 'യൂണിയൻ സാക്ഷർ' എന്ന സാക്ഷരതാ കാമ്പയിൻ ആരംഭിക്കാൻ ബാങ്ക് തീരുമാനിച്ചതായും അവർ അറിയിച്ചു.

ഝത്പത് ലോൺ എന്ന പേരിൽ പ്രത്യേക കോമിക് പുസ്തകം, വ്യവഹാരിത് ഭാഷാ ജ്ഞാൻ സീരീസിന് കീഴിലുള്ള തെലുങ്ക്, ബംഗ്ലാ, മലയാളം ലഘുലേഖകളും കേന്ദ്ര ഓഫീസ് വകുപ്പുകൾ തയ്യാറാക്കിയ റെഫറൻസ് മെറ്റീരിയലുകളും ചടങ്ങിൽ പ്രകാശനം ചെയ്യപ്പെട്ടു.

ഹിന്ദി ഭാഷ നടപ്പിലാക്കുന്നതിൽ മികച്ച സംഭാവന നൽകിയ ജീവനക്കാർക്കും ഹിന്ദി ഫോർട്ട്നൈറ്റ് സമയത്ത് സംഘടിപ്പിച്ച 9 ഹിന്ദി മത്സരങ്ങളിലെ വിജയികൾക്കുമുള്ള വിവിധ അവാർഡുകളും ചടങ്ങിൽ വിതരണം ചെയ്തു.

പ്രശസ്ത കവികളായ രോഹിത് ശർമ്മ, ദിനേശ് ബാവ്റ, ഡോ. രജനികാന്ത് മിശ്ര, രാകേഷ് തിവാരി, പ്രിയേഷ് സിൻഹ എന്നിവർ പങ്കെടുത്ത രസകരമായ ഹാസ്യ കവി സമ്മേളനം നടന്നു. ബാങ്ക് സ്റ്റാഫ് അംഗങ്ങൾ ഗാനനൃത്ത കലാപരിപാടികൾ അവതരിപ്പിച്ചു.

# ഇഎൻടി രോഗ ബോധവൽക്കരണ പദ്ധതിയുമായി ഇൻടോഡ്

**കൊച്ചി:** ഇൻഎൻടി ചികിത്സാ വിദഗ്ധരുടെ 22മത് സംസ്ഥാന സമ്മേളനത്തോടനുബന്ധിച്ച് ഇൻടോഡ് ഫാർമസ്യൂട്ടിക്കൽസ് വിദ്യാഭ്യാസ, ബോധവൽക്കരണ പദ്ധതിക്ക് തുടക്കം കുറിച്ചു. ചെവി സുരക്ഷ, മൂക്കിൽ ബാധിക്കുന്ന അലർജികൾ, കുട്ടികളിലെ കേൾവി പരിമിതി, ടോൺസിലൈറ്റിസ്, വെർട്ടിഗോ ചികിത്സ തുങ്ങി വിവിധ ഇഎൻടി രോഗങ്ങളെക്കുറിച്ചും ചികിത്സാ സംവിധാനങ്ങളെക്കുറിച്ചും പൊതുജനങ്ങളെ ബോധവൽക്കരിക്കാനും ഡോക്ടർമാർക്ക് ഉപകരിക്കുന്നതുമായ 45 വിഡിയോകളാണ് ഇതിന്റെ ഭാഗമായി തയാറാക്കിയിരിക്കുന്നത്. ഇഎൻടി ഡോക്ടർമാർ ഈ വിഡിയോകൾ സമൂഹ മാധ്യമങ്ങൾ വഴി ജനങ്ങളിലെത്തിക്കും. കോഴിക്കോട് നടന്ന അസോസിയേഷൻ ഓഫ് ഓട്ടോലാറിംഗോളജിസ്റ്റ്സ് ഓഫ് ഇന്ത്യ(എഒഐ)യുടെ സംസ്ഥാന സമ്മേളനമായ കെന്റ്കോൺ 2024ലാണ് ഈ വിദ്യാഭ്യാസ പദ്ധതി അവതരിപ്പിച്ചത്. പലപ്പോഴും ശ്രദ്ധിക്കപ്പെടാതെ പോകുന്ന രോഗങ്ങളെ കുറിച്ചാണ് ഈ വിഡിയോകൾ പ്രതിപാദിക്കുന്നത്. ഇത് രോഗികൾക്കും മികച്ച ഫലം ചെയ്യുമെന്ന് എഒഐ കേരള നിയുക്ത പ്രസിഡന്റ് ഡോ. ശങ്കർ മഹാദേവൻ (എംഎസ് ഇഎൻടി) പറഞ്ഞു.

# ഫെഡറൽ ബാങ്ക് സ്ഥിരനിക്ഷേപങ്ങൾക്ക് ഉയർന്ന റേറ്റിങ് നൽകി ക്രിസിൽ

**കൊച്ചി:** ഫെഡറൽ ബാങ്ക് സ്ഥിരനിക്ഷേപങ്ങളുടെ റേറ്റിങ് എ എ പ്ലസ്/ പോസിറ്റീവിൽ നിന്ന് എഎഎ/സ്റ്റേബിൾ ആയി ക്രിസിൽ ഉയർത്തി. ബാങ്കിന്റെ ഹ്രസ്വകാല സ്ഥിരനിക്ഷേപങ്ങളുടേയും സർട്ടിഫിക്കറ്റ് ഓഫ് ഡെപോസിറ്റുകളുടേയും റേറ്റിങ് ക്രിസിൽ എ1 പ്ലസ് ആയി നിലനിർത്തിയിട്ടുമുണ്ട്. വിവിധ ബിസിനസ് സാഹചര്യങ്ങളിൽ ആസ്തികളുടെ ഗുണനിലവാരം സുസ്ഥിരമാക്കുന്നതിലും വരുമാനം മെച്ചപ്പെടുത്തുന്നതിലും ബാങ്ക് കാഴ്ചവച്ച പ്രകടനത്തിന്റെ കൂടി പ്രതിഫലനമാണ് ഈ റേറ്റിങ്ങിൽ ദൃശ്യമാകുന്നത്. 2024 മാർച്ച് 31 ലെ കണക്കുകൾ പ്രകാരം ബാങ്കിന്റെ സ്ഥിരനിക്ഷേപങ്ങളുടെ 77 ശതമാനവും രണ്ടു കോടി രൂപയ്ക്ക് താഴെയുള്ളവയാണ്. സ്ഥിരനിക്ഷേപം പുതുക്കുന്നതിന്റെ നിരക്ക് ഏകദേശം 35 ശതമാനമാണ്.

# സോൾവ് ഫോർ ടുമാറോ 2024 വിജയികളെ പ്രഖ്യാപിച്ച് സാംസങ്ങ് ഇന്ത്യ

**കൊച്ചി:** സോൾവ് ഫോർ ടുമാറോ 2024 എന്ന ദേശീയ വിദ്യാഭ്യാസ, നവീനതാ മത്സരത്തിന്റെ 3ആം പതിപ്പിൽ ഇക്കോ ടെക് ഇന്നോവേറ്ററും മെറ്റലും വിജയികളായതായി സാംസങ്ങ് ഇന്ത്യ പ്രഖ്യാപിച്ചു.

അസമിലെ ഗോലാഘട്ടിൽ നിന്നുള്ള ടീമായ ഇക്കോ ടെക് ഇന്നോവേറ്ററിനെ സ്കൂൾ ട്രാക്കിലെ കമ്മ്യൂണിറ്റി ചാമ്പ്യനായുംകർണ്ണാടകയിൽ ഉഡുപ്പിയിൽ നിന്നുള്ള മെറ്റൽ ടീമിനെ യൂത്ത് ട്രാക്കിലെ എൻവയണ്മെന്റ് ചാമ്പ്യനായും പ്രഖ്യാപിച്ചു.ശുദ്ധമായ കുടിവെള്ളം എല്ലാവർക്കും തുല്യമായി ലഭിക്കുക എന്നതിനെപ്പറ്റിയുള്ള ആശയം വികസിപ്പിച്ചെടുത്ത ഇക്കോ ടെക് ഇന്നോവേറ്ററിന് പ്രോട്ടോടൈപ്പ്മെച്ചപ്പെടുത്തുന്നതിനായി 25 ലക്ഷം രൂപ സീഡ് ഗ്രാന്റ് ലഭിച്ചു.




അതേസമയം ഭൂഗർഭ ജലത്തിൽ നിന്നും ആഴ്സണിക് നീക്കം ചെയ്യുന്നതിനുള്ള സാങ്കേതിക വിദ്യ വികസിപ്പിച്ചെടുത്ത മെറ്റലിന് ഡൽഹിയിലെ ഐഐടിയിൽ ഇൻക്യുബേഷനു വേണ്ടി 50 ലക്ഷം രൂപ ഗ്രാന്റും ലഭിച്ചു. സാംസങ്ങ് സൗത്ത് വെസ്റ്റ് ഏഷ്യ പ്രസിഡന്റും സിഇഒയുമായ ജെ ബി പാർക്, ഇന്ത്യയിലെ ഐക്യരാഷ്ട്രസഭ റസിഡന്റ് കോഓർഡിനേറ്ററായ ഷോംബി ഷാർപ്പ് എന്നിവർ സർട്ടിഫിക്കറ്റുകളും ട്രോഫികളും ടീമുകൾക്ക് വിതരണം ചെയ്തു.

കമ്മ്യൂണിറ്റി ചാമ്പ്യനായ സ്കൂളിന് ഒരു സ്മാർട്ട് ഡിസ്പ്ലേ ഫ്ളിപ് 75 ഇഞ്ച്, ഫ്രീസ്റ്റൈൽ പ്രൊജക്റ്റർ, 10 ഗ്യാലക്സി ടാബ് എസ് 10+ എന്നിങ്ങനെയുള്ള സാംസങ്ങ് ഉത്പ്പന്നങ്ങൾ സമ്മാനങ്ങളായി നൽകി. എൻവയണ്മെന്റ് ചാമ്പ്യനായ കോളേജിന് ഒരു സ്മാർട്ട് ഡിസ്പ്ലേ ഫ്ളിപ് 75 ഇഞ്ച്, ഫ്രീസ്റ്റൈൽ പ്രൊജക്റ്റർ, 10 ഗ്യാലക്സി ബുക്ക് 4 പ്രോ ലാപ്ടോപ്പുകൾ എന്നിവയും ലഭിച്ചു.ഓരോ 10 ടീമുകൾക്കും 1 ലക്ഷം രൂപ വീതം ലഭിച്ചപ്പോൾ എല്ലാ അംഗങ്ങൾക്കും സർട്ടിഫിക്കറ്റുകളും ലഭിച്ചു. ഇതിനുപുറമേ, സ്കൂൾ ട്രാക്കിൽ പങ്കെടുത്തവർക്കെല്ലാം തന്നെഒരു ഗ്യാലക്സി വാച്ച് അൾട്രയും യൂത്ത് ട്രാക്കിൽ പങ്കെടുത്തവർക്കെല്ലാം തന്നെ ഗ്യാലക്സി സെഡ് ഫ്ളിപ് 6ഉം ലഭിച്ചു. സാംസങ്ങിന്റെ ഏറ്റവും പ്രമുഖമായ സിഎസ്ആർ പ്രോഗ്രാമായ സാംസങ്ങ് സോൾവ് ഫോർ ടുമാറോ രാജ്യത്തെ യുവാക്കളെ യഥാർത്ഥ ജീവിതത്തിലുള്ള പ്രശ്നങ്ങൾ പരിഹരിക്കുന്നതിനും തങ്ങളുടെ നവീനമായ ആശയങ്ങളിലൂടെ ജനങ്ങളുടെ ജീവിതത്തെ ശാക്തീകരിക്കുന്നതിനായും ലക്ഷ്യമിട്ട് നടത്തുന്നതാണ്.

# വി മൂവീസ് ടിവി സൂപ്പർ പായ്ക്ക് അവതരിപ്പിച്ചു

**കൊച്ചി:** വി മൂവിസ് ആൻറ് ടിവി സോണി ലിവ്, സീ 5, മനോരമ മാക്സ്, ഫാൻകോഡ്, പ്ലേഫ്ളിക്സ് തുടങ്ങിയ 15 ഒടിടികളും 10 ജിബി ഡാറ്റയും ഒരൊറ്റ ആപ്പിൽ ലഭിക്കുന്ന സൂപ്പർ പായ്ക്ക് അവതരിപ്പിച്ചു. വി മൂവീസ് ആൻറ് ടിവി ആപ്പിൻറെ പ്രീ പെയ്ഡ് ഉപഭോക്താക്കൾക്കായുള്ള ഈ സൂപർ പ്ലാൻ വെറും 175 രൂപയ്ക്കാണ് അവതരിപ്പിച്ചിട്ടുള്ളത്. ഒടിടി പ്ലാറ്റ്ഫോമുകൾ വർധിക്കുമ്പോൾ കൈകാര്യം ചെയ്യാനുള്ള ബുദ്ധിമുട്ടും ചെലവു വർധനയും നേരിടാൻ ഇതു സഹായകമാകും.പതിനഞ്ചിൽ ഏറെ ഒടിടി നേട്ടങ്ങളുള്ള വി മൂവീസ് ആൻറ് ടിവി സൂപ്പർ പായ്ക്ക് 499 രൂപയുടേയും 979 രൂപയുടേയും വി ഹീറോ അൺലിമിറ്റഡ് പാക്കുകൾ റീചാർജ്ജ് ചെയ്യുന്നവർക്ക് അധിക ചെലവില്ലാതെ ലഭിക്കും.

പരിധിയില്ലാത്ത കോളുകൾ, പ്രതിദിന ഡാറ്റാ ക്വാട്ട, രാത്രി 12 മുതൽ രാവിലെ ആറു മണി വരെയുള്ള പരിധിയില്ലാത്ത അതിവേഗ ഡാറ്റ, വീക്കെൻറ് റോൾ ഓവർ തുടങ്ങിയ നേട്ടങ്ങളും ഇവർക്കു ലഭിക്കും.

## ഹ്യൂണ്ടായ് മോട്ടോർ ഇന്ത്യ ലിമിറ്റഡ് ഐപിഒ 15 മുതൽ

**കൊച്ചി:**ഹ്യൂണ്ടായ് മോട്ടോർ ഗ്രൂപ്പിൻറെ ഭാഗവും ലോകത്തെ ഏറ്റവും വലിയ മൂന്നാമത്തെ ഓട്ടോ ഒഇഎമ്മുമായ ഹ്യൂണ്ടായ് മോട്ടോർ ഇന്ത്യ ലിമിറ്റഡിൻറെപ്രാഥമിക ഓഹരി വിൽപന 2024 ഒക്ടോബർ 15 മുതൽ 17 വരെ നടക്കും.പ്രമോട്ടർമാരുടെ 142,194,700 ഇക്വിറ്റി ഓഹരികളുടെ ഓഫർ ഫോർ സെയിലാണ്ഐപിഒയിൽ ഉൾപ്പെടുത്തിയിരിക്കുന്നത്. പത്ത് രൂപ മുഖവിലയുള്ള ഓഹരി ഒന്നിന് 1,865 രൂപ മുതൽ 1,960 രൂപ വരെയാണ് പ്രൈസ് ബാൻഡ് നിശ്ചയിച്ചിരിക്കുന്നത്. ഓഹരികൾ എൻഎസ്ഇയിലുംബിഎസ്ഇയിലും ലിസ്റ്റ് ചെയ്യും. കൊട്ടക് മഹീന്ദ്ര ക്യാപിറ്റൽ കമ്പനി ലിമിറ്റഡ്, സിറ്റി ഗ്രൂപ്പ് ഗ്ലോബൽ മാർക്കറ്റ്സ് ഇന്ത്യ പ്രൈവറ്റ് ലിമിറ്റഡ്, എച്ച്എസ്ബിസി സെക്യൂരിറ്റീസ് ആൻഡ് ക്യാപിറ്റൽ മാർക്കറ്റ്സ്പ്രൈവറ്റ് ലിമിറ്റഡ്, ജെ.പി. മോർഗൻ ഇന്ത്യ പ്രൈവറ്റ് ലിമിറ്റഡ്, മോർഗൻസ്റ്റാൻലി ഇന്ത്യ കമ്പനി പ്രൈവറ്റ് ലിമിറ്റഡ് എന്നിവരാണ് ഐപിഒയുടെ ബുക്ക്റണ്ണിങ് ലീഡ് മാനേജർമാർ .







# ടിവിഎസ് ഐക്യൂബ് ഇലക്ട്രിക് സ്കൂട്ടറുകൾക്ക് ഉത്സവ ഓഫർ

**കൊച്ചി:** വാഹന നിർമാതാക്കളായ ടിവിഎസ് മോട്ടോർ കമ്പനി ഉത്സവ സീസണിൻറെ ഭാഗമായി ടിവിഎസ് ഐക്യൂബ് ഇലക്ട്രിക് സ്കൂട്ടർ വേരിയൻറുകളിൽ ഓഫറുകൾ പ്രഖ്യാപിച്ചു. 30,000 രൂപ വരെ പ്രത്യേക ക്യാഷ്ബാക്ക് ഉൾപ്പെടുന്നതാണ് ഓഫർ.

2024 ഒക്ടോബർ 31 വരെ തിരഞ്ഞെടുത്ത സംസ്ഥാനങ്ങളിൽ ഓഫർ ലഭ്യമാവും. ഇളവിൻറെ ഭാഗമായി വെറും 95,734 രൂപയ്ക്ക് (കേരളം എക്സ്ഷോറൂം വില) ഉപഭോക്താക്കൾക്ക് ഇവി സ്വന്തമാക്കാം.തമിഴ്നാട്, പുതുച്ചേരി, ഉത്തർപ്രദേശ്, ഉത്തരാഖണ്ഡ്, രാജസ്ഥാൻ, കർണാടക, കേരളം, ആന്ധ്രപ്രദേശ്, തെലങ്കാന, ഗുജറാത്ത്, ഒഡീഷ, മഹാരാഷ്ട്ര എന്നിവിടങ്ങളിലെ ടിവിഎസ് ഐ ക്യൂബ് എസ് വേരിയൻറ് ഉപഭോക്താക്കൾക്ക് അധിക ചെലവില്ലാതെ തന്നെ 5,999 രൂപ മൂല്യമുള്ള 5 വർഷത്തെ അല്ലെങ്കിൽ 70,000 കി.മീ വരെ അധിക വാറൻറി ലഭിക്കും.കൂടാതെ തിരഞ്ഞെടുത്ത സംസ്ഥാനങ്ങളിൽ ടിവിഎസ് ഐക്യൂബ് 2.2 കെഡബ്ല്യുഎച്ച് വേരിയൻറിന് 17,300 രൂപ വരെയും, 3.4 കെഡബ്ല്യുഎച്ച് വേരിയൻറിന് 20,000 രൂപ വരെയും ക്യാഷ്ബാക്ക് ഓഫറുകളും ലഭിക്കും. 2022 ജൂലൈ 15ന് മുമ്പ് ടിവിഎസ് ഐക്യൂബ് എസ്ടി വേരിയൻറ് മുൻകൂട്ടി ബുക്ക് ചെയ്ത ഉപഭോക്താക്കൾക്ക്, 5.1 കെഡബ്ല്യുഎച്ച് അല്ലെങ്കിൽ 3.4 കെഡബ്ല്യുഎച്ച് എസ്ടി വേരിയൻറുകൾ വാങ്ങുമ്പോൾ 10,000 രൂപയുടെ ലോയൽറ്റി ബോണസും പ്രയോജനപ്പെടുത്താം. തിരഞ്ഞെടുത്ത ബാങ്ക് കാർഡുകൾക്ക് 10,000 രൂപ വരെ ക്യാഷ്ബാക്ക്, 7,999 രൂപ ഡൗൺ പേയ്മെൻറ്, 2,399 രൂപ മുതൽ ആരംഭിക്കുന്ന ഇഎംഐ ഓപ്ഷൻ പോലുള്ള ആകർഷകമായ റീട്ടെയിൽ ഫിനാൻസ് ഓഫറുകളും ടിവിഎസ് വാഗ്ദാനം ചെയ്യുന്നു.